കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ആതവനാട് ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.13/49/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി: 16-02-19

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ആതവനാട് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ആതവനാട് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

****************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ആതവനാട് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3)പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, മലപ്പുറം

4)കാര്യാലയ പകർപ്പ്.

എൽ. 2/19

നം. കെ.എസ്.എ.എം.പി.എം.13/49/2019 തിയ്യതി:16-02-2019

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.07.2017 മുതൽ 21.12.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. 31 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മാത്രമാണ് മറുപടി ലഭിച്ചിട്ടുള്ളത്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

---------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ എസ് ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ

---------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.12.2018 മുതൽ 5.1.2019 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീമതി. സീനത്ത്. പി.എ | ഓഡിറ്റ് ഓഫീസർ. |
| ശ്രീ.അബ്ദുൾ റഷീദ്.എം.പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ.റിഷിൽ പി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീ. ഷജീർ.കെ | ഓഡിറ്റർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ.മുഹമ്മദ് ഇസ്മായിൽ | 01.04.2017 മുതൽ 31.03.2018വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി.പുഷ്പലത | 1.4.2017 മുതൽ 31.3.2018 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.എം .ശിവകുമാർ | 01.04.2017മുതൽ 11.12.2017 FN വരെ |
| | ശ്രീ.ടി.അജയ് കുമാർ | 11.12.2017 AN മുതൽ 31.03.2018 വരെ |
| അസി. എഞ്ചിനിയർ | ശ്രീമതി ജിനില | 01.04.2017 മുതൽ 4.07.2017 FNവരെ |
| | ശ്രീമതി. ആനി ഷിജി | 4.07.2017 AN മുതൽ 31.03 2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ ഹരികുമാർ.കെ | 01.04.2017മുതൽ 5.11.17 വരെ |
| | ശ്രീമതി. രജിത.എം | 6.11.17 മുതൽ 31.03 2018.വരെ |
| കൃഷി ഓഫീസർ | ശ്രീമതി.ഹാരിഫ.എം | 01.04.2017 മുതൽ 31.03.2018 വരെ |
| വെറ്റിനറി സർജൻ | ഡോ. റോഷ്ന റഷീദ് കുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |
| ICDS സൂപ്പർ വൈസർ | ശ്രീമതി.അരുണിമ.ടി.പി | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി.ശ്രീകല | 01.04.2017 മുതൽ |

| | | |
|---|---|---|
| | | 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ. നസീറ.സി.പി (പി.എച്ച്.സി) | 01.04.2017 മുതൽ 28.7.17വരെ |
| | ഡോ. ലൈല ബീഗം (പി.എച്ച്.സി) | 29.7.17 മുതൽ 22.10.17വരെ |
| | ഡോ. ഷമീർ.കെ.പി (പി.എച്ച്.സി) | 23.10.2017 മുതൽ 31.03.2018വരെ |
| | ഡോ.പ്രവീണ (ആയുർവേദം) | 01.04.2017 മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | സാമൂഹ്യ ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കിലെ അപാകതകൾ | 1-12 |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 13 | തൊഴിൽ നികുതി -ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത് | 2-1 |
| 14 | യന്ത്രങ്ങളുടെ പവറിന് ബാധകമായ നിരക്കിൽ ഫീസ് ഈടാക്കുന്നത് | 2-2 |
| 15 | സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല | 2-3 |
| 16 | ബിൽഡിംഗ് പെർമിറ്റ്-അപേക്ഷകൾ തീർപ്പാക്കുന്നതിലെയും രജിസ്റ്റർ സൂക്ഷിപ്പിലെയും അപാകതകൾ | 2-4 |
| 17 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല. | 2-5 |
| 18 | ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെയും പാരാമെഡിക്കൽ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത്. | 2-6 |

| | | |
|---|---|---|
| 19 | | 2-7 |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | |
| 20 | സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 12728 രൂപ | 3-1 |
| 21 | ട്രസ്സ് വർക്ക്- ഷീറ്റ് ഇട്ടതിന് അധിക നിരക്ക് നൽകി - അധികം നൽകിയത് 16652 രൂപ | 3-2 |
| 22 | കാട്ടിലങ്ങാടി GLPS സ്കൂളിന് ഓഡിറ്റോറിയം - PVC ഗട്ടർ സ്ഥാപിച്ചിട്ടില്ല - ഷീറ്റിന് അധിക തുക അനുവദിച്ചു -അധികം നൽകിയത് 8424 രൂപ | 3-3 |
| 23 | സർവീസ് ടാക്സ് അടവാക്കിയില്ല – കരാറു കാരന് അധികം നൽകിയത് 15,000 രൂപ | 3-4 |
| 24 | മരാമത്ത് പ്രവൃത്തി - അവലോകനം | 3-5 |
| 25 | ആശ്രയ പദ്ധതി - ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ യഥാസമയം നിറവേറ്റപ്പെടുന്നില്ല – പദ്ധതി നീക്കിയിരിപ്പ് - 2012639 രൂപ | 3-6 |
| 26 | ആശ്രയ പദ്ധതി ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാഞ്ഞത്- ഗുരുതര വീഴ്ച | 3-7 |
| 27 | തെരുവ് വിളക്ക് അറ്റകുറ്റപണിയും പുനസ്ഥാപിക്കലും- നടത്തിപ്പിലെ അപാകതകൾ | 3-8 |
| 28 | പഞ്ചായത്ത് മീറ്റിങ്ങ് ഹാളിലേക്ക് ഫർണീച്ചർ ആംബ്ളിഫയർ എന്നിവ വാങ്ങിയത് -ഇൻവോയ്സ് | 3-9 |

| | | |
|---|---|---|
| | ഹാജരാക്കിയിട്ടില്ല. | |
| 29 | അംഗനവാടികൾക്ക് സോളാർ -നിലവിൽ പ്രവർത്തിക്കുന്നില്ല. | 3-10 |
| 30 | സമഗ്ര പെതു ജന സാമൂഹ്യ വിവര ശേഖരണം -അപാകത | 3-11 |
| 31 | ഹൌസ് റിനോവേഷൻ -ജനറൽ-പണി പൂർത്തീകരിച്ചിട്ടില്ല. | 3-12 |
| 32 | വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. | 3-13 |
| 33 | തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ-പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 3-14 |
| 34 | അനൗൺസ്മെന്റ് ചാർജ്ജും വാഹനവാടകയും നൽകിയത് -അപാകതകൾ | 3-15 |
| 35 | വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം നടത്തിയത് - അപാകതകൾ | 3-16 |
| 36 | വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് പ്രതിഫലം നൽകിയത് | 3-17 |
| 37 | ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത -അധികം നൽകിയത് 19750 രൂപ | 3-18 |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 39 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 41 | വായ്പ - വായ്പ തിരിച്ചടവ് | 4-4 |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 43 | ഓഡിറ്റ് റിക്കവറി | 4-6 |
| 44 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 45 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| | ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക | |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2017-18 ലെ ബജറ്റ് പാസ്സാക്കിയ തീരുമാന നമ്പർ, തിയതി |
|---|
| 25.03.2017 (1.1)-ാം നമ്പർ തീരുമാനം |

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | അപാകത പരിഹരിച്ച് ലഭിച്ച തിയതി |
|---|---|---|---|
| 31.07.2018 | 11.06.2018 | -- | -- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ

## വിവരം

| വർഷം | പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നമ്പർ തിയതി |
|---|---|---|
| 2017-18 | 20.06.2018 മുതൽ 21.06.2018 വരെ | കെ.എസ്.എ എം.പി.എം13/1571/2018 തിയതി 03.08.2018 |

ഓഡിറ്റ് സർട്ടിഫിക്കറ്റ്, ബാലൻസ് ഷീറ്റ്, ഇൻകം ആന്റ് എക്സ്പെന്റീച്ചർ പത്രിക, റസീറ്റ് ആന്റ് പേയ്മെന്റ് പത്രിക എന്നിവ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട്.

# 1-4 സാമ്പത്തിക വിശകലനം

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 2,50,87,806 |
| വരവ് | 5,63,25,324 |
| ആകെ | 8,14,13,130 |
| ചെലവ് | 4,63,03,020 |
| നീക്കിയിരിപ്പ് | 3,51,10,110 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | -- | 17211000 | 17211000 | 14113235 | 3097765 |
| വികസനഫണ്ട് എസ് സി പി | -- | 3300106 | 3300106 | 1971638 | 1328468 |
| വികസന ഫണ്ട് ടി.എസ്.പി | -- | 2998 | 2998 | -- | 2998 |
| മെയിന്റനൻസ് റോഡ് | -- | 9489000 | 9489000 | 9335699 | 153301 |
| മെയിന്റനൻസ് നോൺ റോഡ് | -- | 4496967 | 4496967 | 3571562 | 923405 |
| സെൻട്രൽ ഫിനാൻസ് കമ്മിഷൻ ഗ്രാന്റ് | -- | 8507055 | 8507055 | 6645672 | 1861383 |
| കെ.എൽ.എസ്.ജി.ഡി.പി (State) | -- | 796991 | 796991 | 472168 | 324823 |
| കെ.എൽ.എസ്.ജി.ഡി.പി (Central) | -- | 683781 | 683781 | 672473 | 11308 |
| Own fund | 11687662 | 41574233 | 53261895 | 39394786 | 13867109 |
| ട്രഷറി ടി.എസ്.ബി | 12424749 | 13832000 | 26256749 | 6135932 | 20120817 |
| എം.ജി.എൻ.ആർ.ജി.എസ് (Admin) | 30258 | 762431 | 792689 | 762302 | 30387 |
| എം.ജി.എൻ.ആർ.ജി.എസ് (EFMS) | | 11371447 | 11371447 | 11371447 | |
| SSA | 283926 | 11496 | 295422 | 0 | 295422 |
| സാക്ഷരത | 16050 | 0 | 16050 | - | 16050 |
| സാനിറ്റേഷൻ (TSC) | 641287 | 145164 | 786451 | 10000 | 776451 |
| ദുരിതാശ്വാസ നിധി | 3874 | 0 | 3874 | -- | 3874 |
| ബി ഫണ്ട് | -- | 46025857 | 46025857 | 46025857 | -- |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകൾ (ശതമാനം) |
|---|---|---|---|---|---|---|
| 232 | 78953643 | 153 | 46894593 | 0 | 79 | 65.9 |

## 1-7 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 30258 | 762431 | 792689 | 762302 | 30387 |
| ഗുണഭോക്താക്കൾക്ക് നേരിട്ട നല്കുന്നത് | -- | 11371447 | 11371447 | 11371447 | -- |
| ആകെ | 30258 | 12133878 | 12164136 | 12133749 | 30387 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 6000 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 1089600 | 104 |
| വിധവാപെൻഷൻ | 1,3671100 | 1220 |
| വാർദ്ധക്യകാലപെൻഷൻ | 25374300 | 2088 |
| വികലാംഗപെൻഷൻ | 5136100 | 464 |
| 50 വയസിന് മുകളിലുള്ള അവിവാഹിതർക്കുള്ള ധനസഹായം | 144200 | 15 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 270000 | 9 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.12.2018 ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 38258/- രൂപയുടെ നീക്കിയിരിപ്പ് കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1. അസിസ്റ്റന്റ് എഞ്ചിനീയർ, കൃഷി ഓഫീസർ, ICDS ഓഫീസർ എന്നിവർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2.ബജറ്റ് പാസാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചെലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല.

3.സാധന സാമഗ്രികൾ സമാഹരിക്കുന്നതിന് സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പ്രകാരമുള്ള കമ്മിറ്റി രൂപീകരിക്കുകയും ആയത് പ്രകാരം വാങ്ങലുകൾ നടത്തുകയും ചെയ്യുന്നുണ്ടെങ്കിലും 'മീറ്റിങ്ങ് ഹാളിലേക്ക് ഫർണ്ണീച്ചർ' എന്ന പ്രോജക്റ്റ് പ്രകാരം വാങ്ങിയ ഫർണ്ണീച്ചർ സ്റ്റോക്കിലെടുക്കുകയോ ആയതിന്റെ ഇൻവോയ്സ് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

4. ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി 11 തവണ യോഗം ചേർന്നിട്ടുണ്ടെങ്കിലും തൻവർഷം ഒരു മാസം പോലും 10 -ാം തിയ്യതിക്ക് മുൻപ് മാസാന്ത്യ വരവ് ചെലവ് കണക്കുകൾ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിക്ക്

സമർപ്പിച്ചിട്ടില്ല.

5.തനത് വരുമാനം വർദ്ധിപ്പിക്കുന്നതിന് പുതിയ സ്രോതസ്സുകൾ കണ്ടെത്തുന്നതിന് നടപടികൾ ഒന്നും ഓഡിറ്റ് വർഷം ഉണ്ടായിട്ടില്ല.
6. ഇൻകുമ്പൻസി രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, തെരുവ് വിളക്കുകളുടെ എണ്ണം കാണിക്കുന്ന രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയോ ഓഡിറ്റിന് ഹാജരാക്കുകയോ ചെയ്തിട്ടില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.12.2018 | 11/2018 | ലഭിച്ചിട്ടില്ല |
| എ.ജി ഓഡിറ്റ് | ലഭ്യമല്ല | ലഭ്യമല്ല | ലഭ്യമല്ല |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

1. സഞ്ചയ സോഫ്റ്റ്‌വെയർ/റജിസ്റ്റർ പ്രകാരമുള്ള വസ്തുനികുതി പിരിവ് വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല.

| | റെസിഡെൻഷ്യൽ ബിൽഡിംഗ് | | നോൺ-റെസിഡെൻഷ്യൽ ബിൽഡിംഗ് | |
|---|---|---|---|---|
| | AFSപ്രകാരം | ലഭ്യമാക്കിയ രേഖകൾ പ്രകാരമ | AFSപ്രകാരം | ലഭ്യമാക്കിയ രേഖകൾ പ്രകാരമ |
| വസ്തുനികുതി- തൻവർഷ ഡിമാൻഡ് | 2210662 | 2373838 | 4374185 | 4812964 |
| വസ്തുനികുതി- കുടിശ്ശിക ഡിമാൻഡ് | (-)711960 | 1951516 | (-)645795 | 3588188 |
| വസ്തുനികുതി- advance collection | RP-36 : 64311<br>B-9: 373493 | 61249 | RP-36: 126569<br>B-9 :275602 | 120542 |

2. ഡി & ഒ ലൈസൻസ് ഫീസ്

| | AFSപ്രകാരം | ലഭ്യമാക്കിയ രേഖകൾ പ്രകാരമ |
|---|---|---|
| തൻവർഷ ഡിമാൻറ് | 267650<br>(I-4(b)) | 263150 |
| 2018-19ലേക്കുള്ള അഡ്വാൻസ് കലക്ഷൻ | 203065<br>(B-9) | 111700 |

2016-17 AFSപ്രകാരമുള്ള അഡ്വാൻസ് കലക്ഷൻ (B-9) 207565 + തൻവർഷ കലക്ഷൻ (RP-43) 151450 എന്നിവ ചേർത്ത് യഥാർത്ഥ തൻവർഷ ഡിമാൻറ് 359015 രൂപയാണ്. എന്നാൽ വാർഷികക്കണക്കോ,

ലഭ്യമാക്കിയ രേഖകളോ ഇതുമായി പൊരുത്തപ്പെടുന്നില്ല.

3.ബിൽഡിംഗ് പെർമിറ്റ് റജിസ്റ്ററിൽ വാർഷിക സംഗ്രഹം തയ്യാറാക്കിയിട്ടില്ല.

4. NREGA ആകെ വരവ് വാർഷികക്കണക്ക് പ്രകാരം 12133749 ഉം, ലഭ്യമാക്കിയ രേഖകൾ പ്രകാരം 12186000 ഉം ആണ്.

5. ACR പ്രകാരമുള്ള താഴെപ്പറയുന്ന വരവ് തുകകൾ വാർഷികക്കണക്കുമായി പൊരുത്തപ്പെടുന്നില്ല :

| | AFSപ്രകാരം | ACRപ്രകാരം |
|---|---|---|
| Plan - general | 7644159 | 14113235 |
| S.C.P | 290354 | 1971638 |
| Finance comm. grant | 5185604 | 6645672 |
| M.G.(road) | 4434684 | 9335699 |
| M.G.(non-road) | 2785677 | 3571562 |
| Gen. Purpose grant | 13832000 | 13831800 |

6. ബാലൻസ് ഷീറ്റ് B-18 പ്രകാരമുള്ള താഴെപ്പറയുന്ന advance തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

എ) deposit with GWD – 1750

ബി) advanve to implementing officers – 566965

സി) advance to others – 254800

ഡി) electricity deposits – 47975

7. RP-47 പ്രകാരമുള്ള താഴെപ്പറയുന്ന advance തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

എ) festival advance – 125000

ബി) temporary advance for official purpose – 10800

സി) advance to implementing officers – 3960

ഡി) advance to others – 509750

ഇ) electricity deposits – 5850

8. ബാലൻസ് ഷീറ്റ് (B-12) പ്രകാരം ഫിക്സ്ഡ് ഡെപ്പോസിറ്റ് 18,94,190 രൂപയാണ്, എന്നാൽ

ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് പ്രകാരം ആയത് 18,96,441 രൂപയാണ്.

9. ബാലൻസ് ഷീറ്റ് (B-7) പ്രകാരമുള്ള താഴെപ്പറയുന്ന ഡെപ്പോസിറ്റ് തുകകളുടെ വിശദാംശങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല :

എ) contractors' EMD – 32280

ബി) bidders' EMD – 80940

സി) contractors' security deposit – 12500

ഡി) other deposits – 10000

ഇ) other deposits (revenue) – 10000

10. ബാങ്ക് ബുക്ക് പ്രിന്റെടുത്ത് സാക്ഷ്യപ്പെടുത്തിയത് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

11. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

12. നോട്സ് ഓൺ അക്കൗണ്ട്സ്, അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷികക്കണക്കിനൊപ്പം സമർപ്പിച്ചിട്ടില്ല.

13. ICDS സൂപ്പർവൈസർ, VEO എന്നിവർ TR-7A കാഷ്ബുക്ക് എഴുതിയിട്ടില്ല.

14. മെഡി.ഓഫീസർ, വെറ്റിനറി സർജൻ, ഹെഡ്മിസ്ട്രസ് എന്നിവർ സബ്സിഡിയറി കാഷ്ബുക്ക് എഴുതിയിട്ടില്ല.

15. വാർഷികക്കണക്ക് പ്രകാരം SBT (relief fund) അക്കൗണ്ടിൽ 3874 രൂപ നീക്കിയിരിപ്പുണ്ട്. ആയതിന്റെ പാസ്ബുക്ക്/സ്റ്റേറ്റ്മെൻറ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

16. പിരിഞ്ഞുകിട്ടാനുള്ള വസ്തുനികുതി കുടിശ്ശിക തുകകൾക്ക് provision രേഖപ്പെടുത്തിയിട്ടില്ല.

17. മുൻ വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല.

18. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായ തുക 2,70,000 (9 x 30,000) രൂപക്കു പകരം 2,07,000 രൂപയാണ് വാർഷിക കണക്കിൽ കാണിച്ചിട്ടുള്ളത്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 തൊഴിൽ നികുതി -ചട്ടപ്രകാരമുള്ള നടപടികൾ സ്വീകരിക്കാത്തത്

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) (ii)എ(i) പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. സെക്ഷൻ 205 പ്രകാരം നികുതി ഈടാക്കേണ്ടത് തൊഴിലുടമയുടെ കടമയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏതു സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ് (ചട്ടം 13).

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വാർഡ് തിരിച്ചുള്ളതോ അല്ലാത്തതോ ആയ സമ്പൂർണ്ണമായ ലിസ്റ്റ് തയ്യാറാക്കിയിട്ടില്ലാത്തതിനാൽ മുൻവർഷം ഡിമാന്റ് ചെയ്ത സ്ഥാപനങ്ങൾക്ക് മാത്രം ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽനികുതി പിരിച്ചെടുക്കുന്ന രീതിയാണ് പിന്തുടരുന്നത്. ഇക്കാരണത്താൽ തൊഴിൽ നികുതി ചുമത്താവുന്ന ധാരാളം പേർ നികുതി വലയത്തിൽ

നിന്നും പുറത്തു നിൽക്കുന്ന അവസ്ഥ നിലനിൽക്കുന്നു. തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ഫോറം നമ്പർ VI ൽ നോട്ടീസ് നൽകി 15 ദിവസത്തിനകം റിട്ടേൺ സ്വീകരിച്ച് ആയത് പ്രകാരം ഡിമാന്റ് ചെയ്യുന്നതിന് നടപടികൾ കൈക്കൊള്ളുന്നില്ല. ഇത് കച്ചവട സ്ഥാപനങ്ങളിൽ നിന്നുള്ള തൊഴിൽ നികുതി ചോർച്ചയ്ക്ക് കാരണമാകുന്നു.
ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്ന മുഴുവൻ സ്ഥാപനങ്ങളിലെയും തൊഴിലാളികളിൽ നിന്നും ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് തൊഴിൽ നികുതി ചട്ടങ്ങൾ അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

ഡി ആന്റ് ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തുന്ന ടേൺ ഓവർ സ്ഥാപനങ്ങളുടെ തൊഴിൽ നികുതി കണക്കാക്കുന്നതിന് പരിഗണിക്കുന്നില്ല. മാത്രവുമല്ല ഏത് അടിസ്ഥാനത്തിലാണ് തൊഴിൽ കണക്കാക്കിയതും ഈടാക്കിയതും എന്നും വ്യക്തമാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിന്റെ തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സായ തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിൽ ചട്ട പ്രകാരമുള്ള നടപടികൾ പൂർത്തീകരിക്കേണ്ടതും പിരിഞ്ഞു കിട്ടേണ്ട മുഴുവൻ നികുതിയും ഡിമാന്റ് ചെയ്യുന്നു എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 2-2 യന്ത്രങ്ങളുടെ പവറിന് ബാധകമായ നിരക്കിൽ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്

2017-18 സാമ്പത്തിക വർഷം ഡി ആന്റ് ഒ ലൈസൻസ് അനുവദിച്ച ദി മലബാർ കോ ഓപ്പറേറ്റീവ് ടെക്സ്റ്റയിൽസ് ലിമിറ്റഡ് (മാൽകോടെക്സ്) കാർത്തല ചുങ്കം എന്ന സ്ഥാപനത്തിന്റെ ഡി & ഒ ലൈസൻസ് ഫീ 8170 രൂപ ഈടാക്കിയിട്ടുണ്ട്. രശീതി നമ്പർ 116041-08408, 08409 dt 27.2.17 സ്ഥാപനത്തിൽ സ്ഥാപിച്ച യന്ത്രങ്ങളുടെ കുതിരശക്തി സംബന്ധിച്ച വ്യക്തമായ അന്വേഷണകുറിപ്പ് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. അപേക്ഷയിൽ 1234 HP, 380 KVA സ്റ്റാൻഡ്ബൈ എന്ന് രേഖപ്പെടുത്തിക്കാണുന്നു. ഇക്കാര്യത്തിൽ വ്യക്തമായ വിവരം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 25/04-01-2019 അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല . അർഹമായ നിരക്കിൽ ഫീസ് ഈടാക്കുന്നതിൽ ജാഗ്രത പുലർത്തേണ്ടതാണ്.

## 2-3 സ്ഥാപനങ്ങളിൽ നിന്നും ഈടാക്കേണ്ട തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2017-18 വർഷത്തെ ഒന്നും രണ്ടും അർദ്ധവർഷത്തെ ഇൻസ്റ്റിറ്റ്യൂഷൻ പ്രൊഫഷൻ ടാക്സ് അടവാക്കിയയായി കാണുന്നില്ല.

1. KELTEX, ആതവനാട് (കൊടക്കാട്)

2. ജില്ലാ കോഴി വളർത്തൽ കേന്ദ്രം, ആതവനാട്

3. ബി.എസ്.എൻ.എൽ, പുത്തനത്താണി

4. കെ.എസ്.ഇ.ബി പുത്തനത്താണി.

നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്. 22/4-01-2019 പ്രകാരം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 2-4 ബിൽഡിംഗ് പെർമിറ്റ്-അപേക്ഷകൾ തീർപ്പാക്കുന്നതിലെയും രജിസ്റ്റർ

<u>സൂക്ഷിപ്പിലെയും അപാകതകൾ</u>

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ കണ്ട പൊതു അപാകതകൾ ചുവടെ പറയുന്നു.

1. അപേക്ഷ സ്വീകരിച്ച തീയതി, അപേക്ഷ അന്വേഷണത്തിനു നൽകിയതിന്റെയും തിരിച്ചു വന്നതിന്റെയും തീയതികൾ എന്നിവ രേഖപ്പെടുത്തുന്നതിൽ വീഴ്ചയുണ്ട്. തന്മൂലം അപേക്ഷ സമയത്തിനു തീർപ്പാക്കുന്നുണ്ടോ, തീർപ്പാക്കാൻ വൈകുന്നുണ്ടെങ്കിൽ അതിന്റെ കാരണം എന്നിവ മനസ്സിലാക്കാൻ സാധിക്കാതെ വരുന്നു.

2. അന്വേഷണത്തിന് ശേഷം എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടുകളിൽ കെട്ടിടത്തിന്റെ എഫ്.എ.ആർ, കവറേജ് എന്നിവയൊന്നും വ്യക്തമാക്കുന്നില്ല. തറവിസ്തീർണ്ണം മാത്രം പരാമർശിച്ച് പെർമിറ്റിനു ശുപാർശ നൽകിക്കൊണ്ട് ഫയൽ സെക്രട്ടറിക്ക് നൽകുന്നതായി കാണുന്നു. കെട്ടിട നിർമ്മാണ ചട്ടം പാലിച്ചിട്ടുണ്ട് എന്ന് മാത്രം റിപ്പോർട്ടു ചെയ്യുകയാണ് ഭൂരിപക്ഷം അപേക്ഷകളിൻമേലും ചെയ്യുന്നത്.

3. അപേക്ഷ പ്രകാരമുള്ള തറ വിസ്തീർണ്ണാനുപാതം എല്ലാ അപേക്ഷകളുടെ കാര്യത്തിലും രജിസ്റ്ററിൽ രേഖപ്പടുത്തുന്നില്ല.

4. പൂർത്തിയായ കെട്ടിടങ്ങളുടെ അസസ്മെന്റ് നമ്പർ, വസ്തു നികുതി ഡിമാന്റ് നമ്പർ എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

5. അപേക്ഷ നിരസിക്കുന്നുവെങ്കിൽ ആയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

അപേക്ഷകളിൻമേൽ വ്യക്തമായ റിപ്പോർട്ട് തയ്യാറാക്കേണ്ടതാണ്. ബിൽഡിങ്ങ് പെർമിറ്റ് അപേക്ഷകളിൽ ചട്ട പ്രകാരമുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 2-5 <u>നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം-കളക്ഷൻ ചാർജ് പഞ്ചായത്ത് ഫണ്ടിലേക്ക് വരവ് വച്ചിട്ടില്ല.</u>

<u>നിർവഹണ ഉദ്യോഗസ്ഥൻ -അസി.എഞ്ചിനീയർ</u>

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം വകുപ്പ് 3(3) പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനം ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ 2,02,226 രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം അടവാക്കിയിട്ടുണ്ട്. ഇതിന്റെ 1% കളക്ഷൻ ചാർജ് ഈടാക്കാത്തത് മൂലം തനത് വരുമാനത്തിന് കുറവ് സംഭവിച്ചിട്ടുണ്ട്. ഭാവിയിൽ കളക്ഷൻ ചാർജ് ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-6 <u>ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെയും പാരാമെഡിക്കൽ സ്ഥാപനങ്ങളിലെയും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തത്.</u>

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204 (1) (ii)എ(i) പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴോ 60 ദിവസം ജോലി/ തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിയ്ക്ക് വിധേയനാകും. സെക്ഷൻ 205 പ്രകാരം നികുതി ഈടാക്കേണ്ടത് തൊഴിലുടമയുടെ കടമയാണ്. തദ്ദേശ

സ്വയംഭരണ സ്ഥാപനത്തിന്റെ പരിധിയിലുള്ള ഏത് സ്ഥാപനത്തിന്റെയും തൊഴിലുടമയോടും സ്ഥാപനത്തിലെ ജീവനക്കാരുടെ ലിസ്റ്റ് ആവശ്യപ്പെടേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ് (ചട്ടം 13).

താഴെ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളിലെയും പാരാമെഡിക്കൽ സ്ഥാപനങ്ങളിലെയും രജിസ്ട്രേഷൻ അപേക്ഷകളിൽ അവിടങ്ങളിൽ തൊഴിലെടുക്കുന്ന ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സ്ഥാപന മേധാവിക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഡിമാന്റ് ചെയ്തതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനം | രജിസ്ട്രേഷന് സമർപ്പിച്ച അപേക്ഷ പ്രകാരം ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ജി-ടെക് കംപ്യൂട്ടർ എഡ്യൂക്കേഷൻ പുത്തനത്താണി | അധ്യാപകർ-3 |
| 2 | പ്രൊഫഷനൽ വുമൻസ് കോളേജ്, പുത്തനത്താണി | അധ്യാപകർ-4<br>മറ്റ് ജീവനക്കാർ -1 |
| 3 | ഐസർ അക്കാദമി,വെട്ടിച്ചിറ | അധ്യാപകർ-2<br>മറ്റ് ജീവനക്കാർ -1 |
| 4 | ലിറ്റിൽ ഗൈഡ് മോണ്ടിസറി ടീച്ചർ ട്രെയിനിംഗ് സെന്റർ, പുത്തനത്താണി | അധ്യാപകർ-3<br>മറ്റ് ജീവനക്കാർ -2 |
| 5 | പ്രസന്റേഷൻ ഇൻഫോടെക്, പുത്തനത്താണി | അധ്യാപകർ-4<br>മറ്റ് ജീവനക്കാർ -2 |
| 6 | ELTA ഇംഗ്ലീഷ് അക്കാദമി | അധ്യാപകർ-3<br>മറ്റ് ജീവനക്കാർ -1 |
| 7 | മെട്രോ ചിൽഡ്രൻസ് ഹോസ്പിറ്റൽ, വെട്ടിച്ചിറ | ഡോക്ടർ -1<br>നഴ്സ്-2<br>ഫാർമസിസ്റ്റ്-1 |
| 8 | ആൽഫ ഡെന്റൽ ക്ലിനിക്ക്, പുത്തനത്താണി | 1 |
| 9 | തൗഫീക്ക് ഹോമിയോപ്പതി സ്പെഷ്യാലിറ്റി ക്ലിനിക്ക് | ഡോക്ടർ -1<br>റിസപ്ഷനിസ്റ്റ് -1 |
| 10 | ഗ്രീൻസ് പോളിക്ലിനിക് വെട്ടിച്ചിറ | ഡോക്ടർ -1<br>നഴ്സ്-2<br>ലാബ് ടെക്നീഷ്യൻ -1 |
| 11 | ഗ്രീൻസ് ഡെന്റൽ ക്ലിനിക്ക് വെട്ടിച്ചിറ | ഡോക്ടർ -1<br>മറ്റുള്ളവർ 1 |

| | | |
|---|---|---|
| 12 | അൽസലാമ ഡെന്റൽ ക്ലിനിക്ക് | ഡോക്ടർ -1<br>മറ്റുള്ളവർ 2 |
| 13 | ലാബ് വൺ, പുത്തനത്താണി | 2 |
| 14 | ഗ്ലോബൽ ഹൈടെക് ലബോറട്ടറി, വെട്ടിച്ചിറ | ലാബ് ടെക്നീഷ്യൻ 1 |
| 15 | തങ്ങൾസ് വൈദ്യശാല പൂളമംഗലം | ഡോക്ടർ -2<br>നഴ്സ്-3<br>അറ്റൻഡർ-1 |
| 16 | ഗ്രീൻസ് ലബോറട്ടറി, വെട്ടിച്ചിറ | ലാബ് ടെക്നീഷ്യൻ 2 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ അറിയിക്കേണ്ടതാണ് എന്ന് പരാമർശിച്ച് 23/4-1-19 പ്രകാരം ഓഡിറ്റ് അന്വേഷണക്കുറിപ്പ് നൽകിയെങ്കിലും വിശദീകരണം ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സിമന്റ് കോൺക്രീറ്റിംഗ് - സൈഡ് ഷട്ടറിംഗ് ചെയ്യാത്ത പ്രവൃത്തികൾക്ക് അധിക നിരക്ക് അനുവദിച്ചു - അധികം നൽകിയത് 12728 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

താഴെ പറയുന്ന പ്രവൃത്തികൾ 31.12.2018 ന് ഓഡിറ്റ് നേരിൽ പരിശോധിച്ചതിൽ പ്രവൃത്തികളിൽ 1:2:4 (Using 40 mm) Cement Concreting ചെയ്തിട്ടുള്ളത് സൈഡ് ഷട്ടറിംഗ് ചെയ്യാതെയാണെന്ന് ബോധ്യപ്പെട്ടു. (സ്ഥല പരിശോധനയിൽ ഇക്കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ സമ്മതിച്ചിട്ടുള്ളതിനാൽ സ്ഥല പരിശോധന റിപ്പോർട്ടിൽ ആയത് ഉൾപ്പെടുത്തിയിട്ടുണ്ട്.) DSR കോഡ് 16.42 പ്രകാരമുള്ള നിരക്കാണ് പ്രവൃത്തികൾക്ക് അനുവദിച്ചിട്ടുള്ളത്. ഇതിൽ സൈഡ് ഷട്ടറിംഗ് കുറച്ച നിരക്കാണ് കരാറുകാർക്ക് / കൺവീനർക്ക് അനുവദിക്കേണ്ടത്. അനുവദിക്കാവുന്ന തുക താഴെ പറയുന്നു.

| പ്രവൃത്തി | കോൺക്രീറ്റിംഗിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത അളവിന് അനുവദിച്ച തുക | സൈഡ് ഷട്ടറിംഗ് ചെയ്യാത്ത അളവിന് അനുവദിക്കാവുന്ന തുക | കരാറുകാരന് / കൺവീനർക്ക് അധികം അനുവദിച്ച തുക (ടെണ്ടർ കുറവ് കഴിഞ്ഞ്) |
|---|---|---|---|---|
| കിളിയാംകുന്ന് അംഗനവാടി റോഡ് | 27.064m3 x7553.97/m3 = 204440 | 27.064m3 x7553.97/m3 = 204440 | 27.064 x7297.21/m3 = 197492 | 6941 |

| | | | | |
|---|---|---|---|---|
| കോൺക്രീറ്റിംഗ്<br><br>(SO243/18)<br><br>എം. ബുക്ക് - 69/17-18<br><br>മൂല്യനിർണ്ണയം - 217349<br><br>വൗച്ചർ - 31700848/23.3.18 അളവ് രേഖപ്പെടുത്തിയത് 18-02-18<br><br>കരാറുകാരൻ- സൈതാലി<br><br>കരാർ-75/23.1.18 (Tender below- 0.10%)<br><br>Cost Index-37.25% | (length-60 m) | | | |
| ക്കുടശ്ശേരിപ്പാറ- കൊട്ടാരത്തൊടി റോഡ് കോണ്ക്രീറ്റിംഗ്<br><br>(SO244/18)<br><br>എം. ബുക്ക് - 94/17-18<br><br>മൂല്യനിർണ്ണയം - 250000<br><br>ബിൽ - 38/28.9.17<br><br>കൺവീനർ - | 33.95m3 x6938.86/m3 = 235574<br><br>(length-82 m) | 33.95m3 x6938.86/m3 = 235574 | 33.95m3 x6768.61/m3 = 229794 | 5780 |

| | | | | | |
|---|---|---|---|---|---|
| അബ്ദുൾ നാസർ<br>കരാർ 28/30-6-17<br>Cost Index-36.19%<br>(അളവ് രേഖപ്പെടുത്തിയത് 26.3.17 ന് - സമിത Asst.Engineer) | | | | | |
| ആകെ | | | | 12721 | |

| | | | | |
|---|---|---|---|---|
| Stone 40mm | Cum | 0.52000 | 1050 | 546 |
| Stone 20mm | Cum | 0.22000 | 1175 | 258 |
| Stone 10mm | Cum | 0.11000 | 1175 | 129.25 |
| Carriage-<br>Stone 40mm | Cum | 0.52000 | 115.75 | 60.19 |
| Carriage-<br>Stone below 40mm | Cum | 0.33000 | 106.49 | 35.14 |
| Coarse sand | Cum | 0.44500 | 1200 | 534 |
| Carriage-<br>Stone below 40mm | Cum | 0.44500 | 106.49 | 47.39 |
| Portland Cement | Tonne | 0.32000 | 6300 | 2016 |
| Carriage-cement | Tonne | 0.32000 | 94.65 | 30.29 |

| | | | | |
|---|---|---|---|---|
| Labour | | | | |
| Mason(Average) | Day | 0.10000 | 417 | 41.70 |
| Beldar | Day | 1.63000 | 329 | 536.27 |
| Bhisti | Day | 0.70000 | 363 | 254.10 |
| Hire charge-concrete mixer | Day | 0.07700 | 800 | 61.60 |
| Vibrator | Day | 0.07000 | 350 | 24.50 |
| Sundries | L.S | 1.43000 | 1.78 | 2.55 |
| | | | | 4577.48 |
| | | | Water charge 1% | 45.77 |
| | | | | 4623.25 |
| | | | Add CPOH 15% | 693.48 |
| | | | | 5316.73 |
| | | | Add Cost Index 36.19% | 7240.85/m3 (Contract Work) |
| 7240.85/115x100x7.5=6768.61 | | | | 6768.61/m3 (Convenor Work) |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 15 / 1.1.19) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 ട്രസ്സ് വർക്ക്- ഷീറ്റ് ഇട്ടതിന് അധിക നിരക്ക് നൽകി - അധികം നൽകിയത് 16652 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തികളിൽ ട്രസ്സ് വർക്കിന് മുകളിലായി ഷീറ്റ് ഇട്ടതിന് അധിക നിരക്ക് നൽകിയിട്ടുണ്ട്

1.ആറളംകാട് അംഗനവാടി പുനരുദ്ധാരണം

(SO88/18)

എം. ബുക്ക് - 8/17-18

മൂല്യനിർണ്ണയം - 183714

ബിൽ - 26/30.8.17

കരാറുകാരൻ- ജയശങ്കർ.A

കരാർ-48/20.3.17 (Tender below8.6%)

Cost Index-36.19% (2014 DSR)

മേൽ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ഇനം 6 പ്രകാരം 0.50 mm ഷീറ്റ് (Galvanised iron profile sheet) ഇട്ടതിന് 58449.90 രൂപ (69.30 m2x847.10/m2) അനുവദിച്ചു. 31.12.2018 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ഷീറ്റ് 0.35 mm കനമുള്ളതാണെന്ന് ബോധ്യപ്പെട്ടു. (സ്ഥല പരിശോധനയിൽ ആയത് അസിസ്റ്റന്റ് എഞ്ചിനീയർ സമ്മതിച്ചിട്ടുള്ള വിവരം സ്ഥല പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). 0.35 mm കനമുള്ള ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക് 605.50/m2 ആണ്. അധികം അനുവദിച്ച തുക താഴെ പറയുന്നു.

69.30 m2x 605.50/m2 = 41961

58449.90 -41961 = 16489-1418(Tender below) = 15071

അധികം നൽകിയതിന് = 15071 രൂപ

2.GLPS കാട്ടിലങ്ങാടി ബാത്ത്റൂം പുനരുദ്ധാരണം

(SO200/18)

എം. ബുക്ക് - 30/17-18

മൂല്യനിർണ്ണയം - 183714

ബിൽ - 30/30.8.17

കരാറുകാരൻ- ഹസ്സൻ കോയ.T

കരാർ-5/21.10.17 (Estimate)

Cost Index-40.2% (2016 DSR)

മേൽ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ഇനം 6 പ്രകാരം 0.50 mm ഷീറ്റ് (Galvanised iron profile sheet) ഇട്ടതിന് 19283.66 രൂപ (24.99 m2x771.66/m2) അനുവദിച്ചു. 31.12.18 ന് ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തിയതിൽ ഷീറ്റ് 0.35 mm കനമുള്ളതാണെന്ന് ബോധ്യപ്പെട്ടു. 0.35 mm കനമുള്ള ഷീറ്റിന് 708.36/m2 ആണ്. (DATA 12 ാംനം

ഓഡിറ്റ് അന്വേഷണത്തിൽ ഉൾപ്പെട്ടുത്തി). അധികം അനുവദിച്ച തുക താഴെ പറയുന്നു.

24.99 m2x708.36/m2 = 17702

19283 -17702 = 1581

അധികം നൽകിയതിന് = 1581 രൂപ

കരാറുകാരന് അധികം നൽകിയത് 16652 (15071+1581) രൂപ

DATA (OD)

Roofing with G.I hard colour powder coated trafford sheets 0.35mm thick or nearest available thickness with overlaps of 150mm at ends and GI hooks or crank C.I bolts and nuts including plain washers and bitumen washers etc complete.

| Code | Description | Unit | Quantity | Rate | Amount | Code |
|---|---|---|---|---|---|---|
| | Details of cost for 216.14 sqm MATERIAL: (External dimension of plinth). Area of roof 20.2x10.70 m = 216.14 sqm. MATERIAL: Sheets used = 20 Nos x 10.70m x 1.06m = 226.84 sqm Add 3% wastage = 6.81 Total = 233.65 sqm | | | | | |
| MR | Precoated glavanished iron profile sheet 0.350 mm TCT | sqm | 233.65000 | 400.00 | 93460.00 | MR |

| | | | | | | |
|---|---|---|---|---|---|---|
| 9999 | Sundries Carriage of sheets | L.S | 104.00000 | 1.78 | 185.12 | 9999 |
| 1023 | Galvanised steel J or L hooks 8 mm dia | 10 nos | 476.00000 | 120.00 | 5712.00 | 1023 |
| 1208 | Bitumen washer | 100 nos | 476.00000 | 30.00 | 142.80 | 1208 |
| 1209 | G.I. Plain washer thick | 100 nos | 476.00000 | 35.00 | 166.60 | 1209 |
| 9999 | Sundries Carriage of bolts and nuts, washers etc. | L.S | 8.06000 | 1.78 | 14.35 | 9999 |
| 9999 | Sundries LABOUR: | L.S | 39.52000 | 1.78 | 70.35 | 9999 |
| 0130 | Mistry | Day | 2.34000 | 435.00 | 1017.90 | 0130 |
| 0112 | Carpenter 2nd class | Day | 9.34000 | 399.00 | 3726.66 | 0112 |
| 0114 | Beldar | Day | 9.34000 | 329.00 | 3072.86 | 0114 |
| | TOTAL | | | | 107568.64 | |
| | cost for 216.14 sqm | | | | 107568.64 | |
| | cost for one sqm | | | | 497.68 | |
| | say | | | | 497.68 | |

| |
|---|
| Add Water Charges @ 1.0% 4.97 |
| Add CPOH Profit @ 15.0% 75.39 |
| SAY 578.05 |

| | | | | |
|---|---|---|---|---|
| | Cost index 36.19 % | | | 27.44 |
| | Total with Cost index | | | 605.50 |
| | Say | | | 605.50 |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 13 / 1.1.19) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടം

പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 കാട്ടിലങ്ങാടി GLPS സ്കൂളിന് ഓഡിറ്റോറിയം - PVC ഗട്ടർ സ്ഥാപിച്ചിട്ടില്ല - ഷീറ്റിന് അധിക തുക അനുവദിച്ചു -അധികം നൽകിയത് 8424 രൂപ

നിർവഹണ ഉദ്യോഗസ്ഥൻ - അസി. എഞ്ചിനീയർ

(SO199/18)

എം. ബുക്ക് - 65/17-18

മൂല്യനിർണ്ണയം - 235797

ബിൽ - 101/24.3.18

കരാറുകാരൻ- ഹസ്സൻ കോയ.T

കരാർ-35/28.11.17 (Tender below 0.2%)

Cost Index-40.2% (2016 DSR)

മേൽ കാണിച്ച മരാമത്ത് പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ഇനം 13 പ്രകാരം 0.50 mm ഷീറ്റ് (Galvanised iron profile sheet) ഇട്ടതിന് 82251.24 രൂപ (106.59 m2x771.66/m2) അനുവദിച്ചു. സ്ഥല പരിശോധന നടത്തിയതിൽ ഷീറ്റ് 0.35 mm കനമുള്ളതാണെന്ന് ബോധ്യപ്പെട്ടു. (സ്ഥല പരിശോധനയിൽ ഇക്കാര്യം അസിസ്റ്റന്റ് എഞ്ചിനീയർ സമ്മതിച്ചിട്ടുള്ള വിവരം സ്ഥല പരിശോധന റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്) 0.35 mm കനമുള്ള ഷീറ്റിന് അനുവദിക്കാവുന്ന നിരക്ക് 708.36/m2 ആണ്. അധികം അനുവദിച്ച തുക താഴെ പറയുന്നു.

106.59 m2x708.36/m2 = 75504.09

82251.24 -75504.09 = 6747

അധികം നൽകിയതിന് = 6747 രൂപ

കൂടാതെ അളവ് പുസ്തകത്തിലെ ഇനം 13 പ്രകാരം ഷീറ്റിന്റെ ഇരുവശങ്ങളിലുമായി 17.85 (10.45+7.40) മീറ്റർ PVC gutter സ്ഥാപിച്ചതിന് 5966.54 (17.85mx334.26/m) അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തിയിൽ 10.45 മീറ്റർ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. ഈയിനത്തിൽ അധികം നൽകിയത് തുക 2474 (7.40mx334.26/m).

കരാറുകാരന് അധികം നൽകിയത് 9221 -18 (Tender below) = 9203രൂപ

DATA (OD)

Roofing with G.I hard colour powder coated trafford sheets 0.35mm thick or nearest available thickness with overlaps of 150mm at ends and GI hooks or crank C.I bolts and nuts including plain washers and bitumen washers etc complete

| Code | Description | Unit | Quantity | Rate | Amount | Remarks/Input ref |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| MR | G.I hard colour powder coated frafford sheets 0.35mm thick. ( add 10% for lap and wastage) | per sqm | 202.97000 | 300.00 | 60891.00 | MR |
| 1022 | Galvanised steel bolts & nuts 6 mm dia and 25 mm long round head with slots | 10 nos | 884.00000 | 38.00 | 3359.20 | |
| 1023 | Galvanised steel J or L hooks 8 mm dia | 10 nos | 1694.00000 | 115.00 | 19481.00 | |
| 1207 | G.I Limpet washer | 100 nos | 1694.00000 | 35.00 | 592.90 | |
| 1208 | Bitumen washer | 100 nos | 26.91000 | 30.00 | 8.07 | |
| 9999 | Sundries | L.S | 53.82000 | 1.73 | 93.11 | |
| 0130 | Mistry | Day | 1.30000 | 487.00 | 633.10 | |
| 0112 | Carpenter 2nd class | Day | 15.50000 | 448.00 | 6944.00 | |
| 0114 | Beldar | Day | 15.50000 | 368.00 | 5704.00 | |
| 9999 | Sundries | L.S | 12.09000 | 1.73 | 20.92 | |
| | TOTAL | | | | 97727.30 | |
| | cost for 184.52 sqm | | | | 97727.30 | |
| | cost for one sqm | | | | 529.63 | |

| | | | | | | |
|---|---|---|---|---|---|---|
| | say | | | | 529.63 | |

| |
|---|
| Add Water Charges @ 1.0% 5.29 |
| Add CPOH Profit @ 15.0% 80.23 |
| SAY 615.16 |

| | | | | | |
|---|---|---|---|---|---|
| | Cost index 40.2 % | | | | 93.20 |
| | Total with Cost index | | | | 708.36 |
| | Say | | | | 708.36 |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No.12/1.1.19) മറുപടി ലഭ്യമാക്കിയിട്ടില്ല. നഷ്ടം പ്രവൃത്തിയുടെ അളവ് രേഖപ്പെടുത്തിയ അസി.എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 സർവീസ് ടാക്സ് അടവാക്കിയില്ല - കരാറുകാരന് അധികം നൽകിയത് 15,000 രൂപ

താഴെ പറയുന്ന മരാമത്ത് പ്രവൃത്തിയിൽ സർവീസ് ടാക്സ് മൂല്യനിർണ്ണയത്തിലുൾപ്പെടുത്തി കരാറുകാരന് തുക അനുവദിച്ചു. സർവീസ് ടാക്സ് അടവാക്കിയിട്ടില്ലാത്തതിനാൽ കരാറുകാരിൽ നിന്നും സർവീസ് ടാക്സ് ഇനത്തിലുള്ള തുക തിരികെ ഈടാക്കിയിട്ടില്ല.

| പ്രൊജക്റ്റ് | മൂല്യ നിർണ്ണയം/ കരാറുകാരന് നൽകിയ തുക | അടവാക്കേണ്ട നികുതി | അടവാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| SO084/18<br>പാറേക്കളം അംഗനവാടി പുനരുദ്ധാരണം<br>MB-26/17-18<br>ബിൽ-36/31.8.17<br>കരാറുകാരൻ-ഹസ്സൈൻ | 143007<br>(128007+15000 ST) | 15000 | 0 | 15000 |

ഓഡിറ്റ് അന്വേഷണത്തിന് (AUDIT ENQUIRY No. 14 /1.1.18 )

വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 15,000 രൂപ പേമെന്റ് അനുവദിച്ച ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 മരാമത്ത് പ്രവൃത്തി - അവലോകനം

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 145 പ്രോജക്ടുകളാണ് ഏറ്റെടുത്തത്. ഈ പ്രോജക്ടുകളുടെ

ആകെ അടങ്കൽ 3,82,86,395രൂപയാണ്. ചെലവഴിച്ചത് 2,02,22,654 രൂപയാണ്. അതായത് 52.8 ശതമാനം മാത്രം. ഏറ്റെടുത്ത പ്രോജക്ടുകളിൽ 60 എണ്ണം നിർവഹണം നടത്തിയിട്ടില്ല എന്ന് കാണുന്നു. സ്പിൽ ഓവറായി വന്ന 60 പ്രൊജക്ടുകളിൽ 15 എണ്ണം തൻവർഷത്തിലും നടപ്പിലാക്കിയിട്ടില്ല. സങ്കീർണമായ നടപടി ക്രമങ്ങൾ പൂർത്തിയാക്കിയാണ് പ്രോജക്ടുകൾ രൂപം കൊള്ളുന്നതും അംഗീകാരം ലഭ്യമാവുന്നതും. അർഹമായ നടപടിക്രമങ്ങൾ പൂർത്തിയാക്കി, ആവശ്യമായ തുക വകയിരുത്തി തയ്യാറാക്കുന്ന പ്രോജക്ടുകൾ ഉപേക്ഷിക്കുന്ന പ്രവണത കൂടിവരുന്നതായി കാണുന്നു. ഇത് ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യപ്രാപ്തി നഷ്ടപ്പെടുത്തുന്നതാണ്. 1.80 കോടി രൂപ വകയിരുത്തിയ പ്രോജക്ടുകൾ നിർവഹിക്കാൻ അസിസ്റ്റന്റ് എഞ്ചിനീയർക്കായില്ല എന്ന് കാണുന്നു. ഇപ്രകാരം ഉപേക്ഷിക്കപ്പെട്ട പ്രോജക്ടുകൾ അടുത്ത വർഷത്തേക്ക് സ്പിൽ ഓവറായി ഉൾപെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്. പ്രോജക്ടുകൾ നിർവഹിക്കാതിരുന്നത് എന്തുകൊണ്ട് എന്ന് വിശദീകരിക്കേണ്ടതാണ്. വ്യാപകമായ തോതിൽ പ്രോജക്ടുകൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ പെടുത്തുന്നു.

ലഭ്യമാവുന്ന ഫണ്ട് അശാസ്ത്രീയമായ രീതിയിൽ വിഭജിച്ച് വാർഡുകളിൽ വിതരണം ചെയ്യുന്നത് പ്രോജക്ടുകളുടെ എണ്ണം കൂടുന്നതിന് ഇടയാക്കുന്നതായി വ്യക്തമാവുന്നു. ഇത് പ്രോജക്ടുകളുടെ നിർവഹണം പ്രയാസകരമാക്കുന്നതായും പല പ്രോജക്ടുകളും നിർവഹിക്കാൻ തടസ്സമാവുന്നതായും വ്യക്തമാവുന്നു. യാത്രക്ക് ഉപയുക്തമല്ലാത്തവിധം കേടുപാടുകൾ സംഭവിച്ച എന്ന് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ എഴുതിയ റോഡിന്റെ കേവലം 26 മുതൽ 30 മീറ്റർ വരെയുള്ള ഭാഗം മാത്രം കോൺക്രീറ്റ് ചെയ്താൽ ആ റോഡ് യാത്രക്ക് ഉപയുക്തമാവില്ല എന്ന് ഭരണസമിതി തിരിച്ചറിയുന്നില്ല. വികസന സ്ഥിരം സമിതിയിൽ ഇപ്രകാരമുള്ള ഭാഗിക പ്രവൃത്തികളെ കുറിച്ച് യാതൊരു വിശകലനവും നടക്കുന്നതായും കാണുന്നില്ല. ലഭ്യമായ ഫണ്ടിന്റെ ഫലപ്രദമായ ഉപയോഗത്തിന് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. നിർവഹണം സാധ്യമായ പ്രോജക്ടുകൾ മാത്രം ഏറ്റെടുക്കുന്നതിനും, എഞ്ചിനീയറിങ്ങ് വിങ്ങിന്റെ മാനുഷിക വിഭവശേഷി പരിഗണിച്ച് കൊണ്ടും പ്രോജക്ടുകൾ രൂപീകരിക്കുന്നതിൽ സ്ഥിരം സമിതി, ഭരണസമിതി എന്നിവ ശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഫലപ്രദമായ രീതിയിൽ മോണിറ്ററിങ്ങ്, സൂപ്പർവിഷൻ എന്നിവ നടത്താൻ സാധ്യമല്ലാത്ത വിധത്തിൽ പ്രോജക്ടുകളുടെ എണ്ണം കൂടുന്നത് പ്രോജക്ടുകളുടെ ഫലപ്രാപ്തിയെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽ പെടുത്തുന്നു.

## 3-6 ആശ്രയ പദ്ധതി - ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ യഥാ സമയം നിറവേറ്റപ്പെടുന്നില്ല – പദ്ധതി നീക്കിയിരിപ്പ് - 2012639 രൂപ

2017-18 ൽ ആശ്രയ പദ്ധതിക്ക് വേണ്ടി ലഭ്യമാക്കിയതും ചെലവഴിച്ചതുമായ തുകയുടെ വിശദാംശം ചുവടെ.

| | |
|---|---|
| മുന്നിരിപ്പ് | 19,58,802 |
| വരവ് | 20,52,620 |
| ആകെ | 40,11,422 |
| ചെലവ് | 20,51,200 |
| നീക്കിയിരിപ്പ് | 19,60,222 (31.3.18) |

തൻവർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ

| | |
|---|---|
| സ്ഥലം വാങ്ങൽ | 6,00,000 |

| | |
|---|---|
| ഭവന നിർമ്മാണം | 8,25,000 |
| പോഷകാഹാര കിറ്റ് | 4,79,700 |
| പഠനോപകരണങ്ങൾ വാങ്ങി നൽകൽ | 1,21,500 |
| ഭവന റിപ്പയർ | 25,000 |
| ആകെ | 20,51,200 |

31.10.18 ൽ ആശ്രയ പദ്ധതിയുടെ അക്കൗണ്ടിൽ (A/c No.4612101004872, Canara Bank, Puthanathani) 20,12,639 രൂപ നീക്കിയിരിപ്പുണ്ട്.

ഗ്രാമ പഞ്ചായത്തിലെ അശരണരും നിരാലംബരുമായ പദ്ധതി ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും അവരെ സമൂഹത്തിന്റെ മുൻനിരയിലേക്ക് എത്തിക്കുന്നതിനും വേണ്ടി തയ്യാറാക്കിയ ഈ പദ്ധതിയിൽ പദ്ധതി കാലയളവ് കഴിഞ്ഞപ്പോൾ ഭീമമായ തുക നീക്കിയിരിപ്പ് കിടക്കുന്നുണ്ട്. പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ യഥാസമയങ്ങളിൽ നിറവേറ്റുന്നതിലുണ്ടായ വീഴ്ച കാരണമാണ് ഇത്തരത്തിൽ തുക ചെലഴിക്കാതെ ബാക്കിയായത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഫലപ്രദമായ ഇടപെടൽ ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലാത്തതിനാൽ ആശ്രയ ഗുണഭോക്താക്കൾക്ക് അർഹിച്ച ആനുകൂല്യങ്ങൾ ലഭിക്കാതെ പോയി. നീക്കിയിരിപ്പ് തുകയുടെ വിനിയോഗം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-7 ആശ്രയ പദ്ധതി ഗുണഭോക്താക്കൾ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടാഞ്ഞത്- ഗുരുതര വീഴ്ച

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആശ്രയ പദ്ധതിപ്രകാരം 2017-18 വർഷത്തിൽ സ്ഥലം വാങ്ങുന്നതിന് തുക അനുവദിക്കുകയും ഇവർ സ്ഥലം വാങ്ങുകയും ചെയ്തിട്ടുണ്ട്.

| ക്രമ നം | പേര് | വാർഡ് |
|---|---|---|
| 1 | ആസ്യ നെട്ടുവളപ്പിൽ ഹൗസ്, പുത്തനത്താണി | 1 |
| 2 | ഖദീജ കിഴക്കേയിൽ ഹൗസ്, പുത്തനത്താണി | 1 |
| 3 | റസീന, കോത്തഞ്ചേരി ഹൗസ്, പള്ളിപ്പാറ | 22 |
| 4 | ജമീല, കളത്തിങ്ങൾ ഹൗസ് , പൂളമംഗലം | 19 |

എന്നാൽ സർക്കാരിന്റെ ലൈഫ് ഭവന നിർമ്മാണ പദ്ധതിയിൽ ആദ്യത്തെ ഗുണഭോക്താക്കളായി വരേണ്ടത് ആശ്രയ ഗുണഭോക്താക്കൾ ആണെന്നിരിക്കെ ലൈഫ് ഭവന പദ്ധതിക്ക് വേണ്ടി അംഗീകാരം നേടിയ ഗ്രാമ പഞ്ചായത്തിന്റെ അന്തിമ ഗുണഭോക്തൃ ലിസ്റ്റിൽ ഇവർ ഉൾപ്പെട്ടിട്ടില്ല. അപാകതക്ക് ആദ്യ മറുപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്ക് അറ്റകുറ്റപണിയും പുനസ്ഥാപിക്കലും-നടത്തിപ്പിലെ

## അപാകതകൾ

പ്രോജക്റ്റ് നം. 33/18

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി .

വൗച്ചർ നം./ തി./ തുക 21700685/31.01.18-449329/-(ചെക്ക് നം.6857562)

സ്പിൽ ഓവർ ആയാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. 2016-17 വർഷം തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയും വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും വകയിരുത്തിയിരുന്നെങ്കിലും തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപയാണ് 2016-17 വർഷം ചെലവഴിച്ചിട്ടുള്ളത്. ബാക്കി നൽകാനുള്ള തുകക്ക് തൻവർഷം തനത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ വകയിരുത്തുകയും 449329/- രൂപ ചെലവഴിക്കുകയും ചെയ്തു.

പ്രോജക്റ്റ് പ്രകാരം 445 എണ്ണം 12 വാട്ട് LED തെരുവ് വിളക്കുകൾ പുനസ്ഥാപിക്കുന്നതിനും 125 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്യുന്നതിനും കൂടി ആകെ 9,49,329/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഇൻവോയ്സിന്റെ വിവരം താഴെ കൊടുക്കുന്നു.

| ഇൻവോയ്സ് നം.തി | എണ്ണം | തുക | റിമാർക്സ് |
|---|---|---|---|
| CD/080 /29.03.17 | 445 | 665831 | 445 എണ്ണം തെരുവ് വിളക്കുകൾ പുനസ്ഥാപിക്കുന്നതിന് നൽകിയത് |
| CD/080A /29.03.17 | 445 | 133500 | 445 തെരുവ് വിളക്കുകൾ ഫിറ്റ് ചെയ്യുന്നതിന് |
| CD/081 /29.03.17 | 125 | 162488 | സി.എഫ്.എൽ വാങ്ങിയതിന് |
| CD/081 /29.03.17 | 125 | 37500 | സി.എഫ്.എൽ ഫിറ്റ് ചെയ്യുന്നതിന് ഇൻസ്റ്റാലേഷൻ ചാർജ് |
| | | 999319 | |

അപാകതകൾ

1) 22 വാർഡുകളിലായി 445 തെരുവ് വിളക്കുകൾ പുനസ്ഥാപിച്ചതായും 125 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായും ഇൻവോയ്സ് ഹാജരാക്കിയിട്ടുണ്ടെങ്കിലും മെമ്പർമാരുടെ രശീത് പ്രകാരം 392 തെരുവ് വിളക്കുകൾ പുനസ്ഥാപിച്ചതായും 7 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. ബാക്കിയുള്ള തെരുവ് വിളക്കുകളുടെ വിവരം ലഭ്യമല്ല.

2.തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും പെർമിഷൻ ലഭിച്ചതായി കാണുന്നില്ല.

3.കെ.എസ്.ഇ.ബിയുടെ സൂപ്പർവിഷൻ ഇല്ലാതെയാണ് തെരുവ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളത്. സൂപ്പർവിഷൻ ചാർജ്ജ് അടവാക്കിയതായി കാണുന്നില്ല.

4.ഏതൊക്കെ പോസ്റ്റിലാണ് പുതിയ തെരുവ് വിളക്കുകൾ സ്ഥാപിച്ചതെന്നോ, ഏതൊക്കെ പോസ്റ്റുകളിലാണ് റിപ്പയർ നടത്തിയതെന്നോ രേഖപ്പെടുത്തിയ സ്റ്റേറ്റ്മെന്റോ രജിസ്റ്ററോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

5.തെരുവ് വിളക്കിന്റെ ഇനം, എണ്ണം എന്നിവ രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

6.ഇൻവോയ്സ് പ്രകാരം 999319 രൂപയാണെങ്കിലും 949329/-രൂപ മാത്രമാണ് സ്ഥാപനത്തിന് നൽകിയിട്ടുള്ളത്. വ്യത്യാസം വിശദീകരിക്കപ്പെട്ടിട്ടില്ല.

7.മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

തെരുവ് വിളക്കുകളുടെ പുനസ്ഥാപിക്കൽ, റിപ്പയർ എന്നിവയുടെ വിനിയോഗ വിവരങ്ങൾ ഹാജരാക്കുന്നതു വരെ ചെലവഴിച്ച 449329/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 പഞ്ചായത്ത് മീറ്റിങ്ങ് ഹാളിലേക്ക് ഫർണീച്ചർ ആംബ്ളിഫയർ എന്നിവ വാങ്ങിയത് -ഇൻവോയ്സ് ഹാജരാക്കിയിട്ടില്ല.

പ്രോജക്റ്റ് നം .34/18 അടങ്കൽ 696040 (ലോകബാങ്ക് സഹായം)

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി.

ബിൽ നം. തി 18/26.08.17 -427000/-

ബിൽ നം. തി 16/18.08.17 -226000/-

സ്പിൽ ഓവർ ആയിട്ടാണ് മേൽ പദ്ധതി നടപ്പാക്കിയിട്ടുള്ളത്. പഞ്ചായത്ത് മീറ്റിങ്ങ് ഹാളിലേക്ക് ഫർണിച്ചർ ആംബ്ളിഫയർ എന്നിവ വാങ്ങുന്നതിനുള്ള പ്രോജക്റ്റ് പ്രകാരം 2016-17 സാമ്പത്തിക വർഷം പ്രോജക്റ്റ് വെക്കുകയും വീനസ് എന്റർപ്രൈസസ്, തിരൂർ എന്ന സ്ഥാപനത്തിൽ നിന്നും 2,26,000/-രൂപയുടെ പബ്ലിക് അഡ്രസ്സ് സിസ്റ്റം വാങ്ങുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ ഇൻവോയ്സ് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| ഇൻവോയ്സ് നം. തി | തുക | റിമാർക്സ് |
|---|---|---|
| 609/29.03.17 | 206474 | പബ്ലിക് അഡ്രസ്സ് സിസ്റ്റം വാങ്ങിയത് |
| 409/29.03.17 | 19525 | പബ്ലിക് അഡ്രസ്സ് സിസ്റ്റം വാങ്ങിയത് |
| ആകെ | 225999 | |

മേൽ ഇൻവോയ്സ് പ്രകാരം വാങ്ങിയ പബ്ലിക് അഡ്രസ്സ് സിസ്റ്റത്തിന് 2,26,000/- രൂപയും, ഫിഡ്കോ എന്റർപ്രൈസസിൽ നിന്നും വാങ്ങിയ ഫർണ്ണീച്ചറിന് 4,27,000/-രൂപയും തൻ വർഷം മേൽ ബിൽ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

അപാകതകൾ

എ)ഫർണ്ണീച്ചർ വാങ്ങിയതിന്റെ 4,27,000/- രൂപയുടെ ടാക്സ് ഇൻവോയ്സ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയത് സ്റ്റോക്കിലെടുത്തതിന്റെ രേഖകളും ഓഡിറ്റിന് ലഭ്യമായിട്ടില്ല.

ബി) മോണിറ്ററിങ്ങ് കമ്മിറ്റി റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

സി) 2016-17 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി ചെയ്ത പ്രവർത്തിക്ക് 2017-18 വർഷത്തിലാണ് തുക കൈമാറിയിട്ടുള്ളത്. 27/4-1-19 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

വാങ്ങിയ സാധനങ്ങളുടെ ഇൻവോയ്സ്,സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതുവരെ ഫർണ്ണിച്ചറിനു വേണ്ടി ചെലവഴിച്ച 4,27,000/- രൂപ ഓഡിറ്റിൽ

തടസ്സപ്പെടുത്തുന്നു.

## 3-10 അംഗനവാടികൾക്ക് സോളാർ -നിലവിൽ പ്രവർത്തനക്ഷമമല്ല

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി.

പ്രോജക്റ്റ് നം.36/18 അടങ്കൽ 1 ലക്ഷം (തനത് ഫണ്ട്)

വൗച്ചർ ന. തി 21700420/11.10.17-93800/ (ചെക്ക് നം.013659)

അംഗനവാടികൾക്ക് സോളാർ പദ്ധതി പ്രകാരം 7 അംഗനവാടികളിലേക്ക് ബാറ്ററിയടക്കം 100 വാട്ട് സോളാർ പാനൽ സിസ്റ്റം സ്ഥാപിക്കുന്നതിന് ഇ-മാക്സ് പവർ കൺട്രോൾ സിസ്റ്റം, മലപ്പുറം എന്ന സ്ഥാപനത്തിന് 93800/ രൂപ ഇൻവോയ്സ് നം. 613/21.06.17 പ്രകാരം നൽകിയിട്ടുണ്ട്. ഇവ ഏഴ് അംഗനവാടിയിൽ സ്ഥാപിച്ചിട്ടുള്ളതായി സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ഇവയൊന്നും തന്നെ നിലവിൽ പ്രവർത്തിക്കുന്നില്ല. സോളാർ പാനൽ പ്രവർത്തന ക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 സമഗ്ര പെതു ജന സാമൂഹ്യ വിവര ശേഖരണം -അപാകത

പ്രോജക്റ്റ് നം. 08/18 അടങ്കൽ 10 ലക്ഷം (തനത് ഫണ്ട്)

നിർവ്വഹണോദ്യോഗസ്ഥൻ -സെക്രട്ടറി .

013835/28.11.17 -200000/-

014240/31.01.18 -559973/-

014357/23.02.18 -240027/-

മേൽ പ്രോജക്റ്റിന് വേണ്ടി തൻവർഷം ഇന്റലിജന്റ് പ്രോപ്പർട്ടി മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കുന്നതിന് വേണ്ടി 10,00,000/-രൂപ ചെലവഴിച്ചിട്ടുണ്ട്. The Uralungal Labour Contract Co-operative Society മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

എ) മേപ്പ് തയ്യാറാക്കൽ, delineation of administrative boundries, maping of major landmarks, prepration of land use andhydrography, physical survey of roads and railway lines, building and assets and measurements, drainage and sewerage lines, landmark and other physical features എന്നിവ ലക്ഷ്യങ്ങളായിരുന്നുവെങ്കിലും ഫയലിനോടൊപ്പം ഹാജരാക്കിയ റിപ്പോർട്ടിൽ മേൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പൂർണ്ണമായും പ്രാവർത്തികമാക്കിയതായി രേഖകൾ ഹാജരാക്കിയില്ല.

ബി) ഫയലിനോടൊപ്പം ഹാജരാക്കിയ റിപ്പോർട്ടിൽ മുഴുവൻ രേഖകളും ലഭ്യമല്ല. നാല് (വാർഡ് 1,3,7,13) വാർഡുകളിൽ മാത്രമാണ് സർവ്വേ നടത്തിയതായി കാണുന്നത്.

സി) മേൽ റിപ്പോർട്ട് ഉപയോഗപ്പെടുത്തുന്നതിന്റെ ആവശ്യകത സംബന്ധിച്ച വിവരം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

മേൽ റിപ്പോർട്ട് പൂർത്തീകരണം സംബന്ധിച്ചും ജി.ഐ.എസ് മാപ്പിങ്ങ് സംബന്ധിച്ചുമുള്ള വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-12 ഹൗസ് റിനോവേഷൻ (ജനറൽ) -പണി പൂർത്തീകരിച്ചിട്ടില്ല.

പ്രോജക്റ്റ് നം. 105/18

നിർവ്വഹണോദ്യോഗസ്ഥൻ -വി.ഇ.ഒ.

ബിൽ നം. തി .തുക -13/28.03.18 -75000/-

ഭവന പുനരുദ്ധാരണം ജനറൽ പദ്ധതി പ്രകാരം 10000/-രൂപയാണ് പദ്ധതി പ്രകാരം ധനസഹായം നൽകുന്നത്. എന്നാൽ മുഹമ്മദ്കുട്ടി, നെല്ലിശ്ശേരി എന്ന ഗുണഭോക്താവിന് 5000/-രൂപ അഡ്വാൻസായി കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയിട്ടില്ല. പണി പൂർത്തീകരിച്ച് അവസാനഗഡു നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

തൻവർഷം ധനസഹായം നൽകിയ താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തുക നൽകിയിട്ടുണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

ബിൽ നം. തി തുക -31/23.03.18 -210000/-

ബിൽ നം. തി തുക -26/28.02.18 -180000/-

| ഗുണഭോക്താവിന്റെ പേര് | ബിൽ നം. തിയ്യതി | നൽകിയ തുക |
|---|---|---|
| ശ്രീമതി. പാത്തുമ്മ കാവുംപുറത്ത് | 31/23.03.18 -210000/- | 30000 |
| ശ്രീമതി. നഫീസ പാട്ടത്ത് | 31/23.03.18 -210000/- | 30000 |
| സൈനബ അബൂബക്കർ വെട്ടിക്കാട്ട് ആതവനാട് | 26/28.02.18 -180000/- | 30000 |
| വിജയലക്ഷ്മി ബാലചന്ദ്രൻ ചെറുകാവിൽ, കരിപ്പോൾ | 26/28.02.18 -180000/- | 30000 |
| സാബിറ അഷറഫ്, പാടത്ത് പീടിയേക്കൽ ആതവനാട് | 26/28.02.18 -180000/- | 30000 |
| സുബൈദ കമ്മദ്, കോണ്ടത്ത് ഹൗസ് കുറുമ്പത്തൂർ | 26/28.02.18 -180000/- | 30000 |
| ജമീല ഇബ്രാഹിം, വാഴക്കോട്ടിൽ ആതവനാട് | 26/28.02.18 -180000/- | 30000 |

മാര്യേജ് സർട്ടിഫിക്കറ്റ് ഹാജരാക്കാതെ തുക നൽകിയതിനാൽ 2,10,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി [31/5-1-18 പ്രകാരം] നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-14 തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ- പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് 230/18 തിരുന്നാവായ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പ്രവർത്തിക്കായി ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ നിന്നും 13,14,000 രൂപയും തനത്

ഫണ്ടിൽ നിന്നും 11,86,000 രൂപയും ആകെ 25 ലക്ഷം രൂപ കേരള വാട്ടർ അതോറിട്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, പി.എച്ച്.സബ് ഡിവിഷൻ എടപ്പാളിന് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി/പൂർത്തീകരണ വിവരം അറിയിക്കേണ്ടതാണ്. ഇതേ പ്രൊജക്റ്റിന് ജില്ലാ പഞ്ചായത്ത് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടോ എന്ന വസ്തുത പരിശോധിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ഡെപ്പോസിറ്റ് പ്രവൃത്തി യഥാസമയം പൂർത്തിയാക്കാൻ ആവശ്യമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

## 3-15 അനൗൺസ്മെന്റ് ചാർജ്ജും വാഹനവാടകയും നൽകിയത് -അപാകതകൾ

ഗ്രാമപഞ്ചായത്ത് വിവിധ സന്ദർഭങ്ങളിലായി അനൗൺസ്മെന്റിനും അനുബന്ധ കാര്യങ്ങൾക്കുമായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

(എ) വൗച്ചർ 21700638/16.1.18 6450 രൂപ വസ്തുനികുതി പിരിവ് അനൗൺസ്മെന്റ് സൗണ്ട് സിസ്റ്റം വാടക 3 ദിവസം

വൗച്ചർ 21700639/16.1.18 4500 രൂപ വസ്തുനികുതി പിരിവ് അനൗൺസ്മെന്റ് കൂലി 3 ദിവസം 2017 ഡിസം 20, 21, 22.

വൗച്ചർ 21700640/16.1.18 6000 രൂപ ഗ്രാമസഭായോഗം അനൗൺസ്മെന്റ് കൂലി 4 ദിവസം 2017 ഡിസം 8,9,10,11

വൗച്ചർ 21700641/16.1.18 8600 രൂപ ഗ്രാമസഭായോഗം അനൗൺസ്മെന്റ് സൗണ്ട് സിസ്റ്റം വാടക (വാർഡ് 3 ഒഴികെ)

ആകെ 25500 രൂപ.

അപാകതകൾ

മേൽ വൗച്ചർ പ്രകാരമുള്ള തുക ശ്രീ.അസ്കറലി.കെ.പി എന്നയാൾക്ക് നൽകിയിട്ടുണ്ട്. പ്രവൃത്തി ചെയ്തത് സംബന്ധിച്ച് സൂപ്പർവിഷൻ നടത്തിയതിന്റെയും ടി വ്യക്തിയെ ചുമതല ഏൽപിച്ചതിന്റെയും അനൗൺസ്മെന്റ് നടത്തുന്നതിന് വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥരെ ചുമതല ഏൽപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടതിന് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

(ബി) വൗച്ചർ 21700660/19.1.18 13398 രൂപ 2017 ഡിസം 8,9,10,11 തിയ്യതികളിൽ ഗ്രാമസഭായോഗം അനൗൺസ്മെന്റിന്റെ വാഹന വാടക ശ്രീ.മൊയ്തീൻകുട്ടി, മുല്ലഞ്ചേരി, കൂടശ്ശേരിപ്പാറ എന്നയാൾക്ക് നൽകിയത്.

വൗച്ചർ 21700661/19.1.18 10458 രൂപ 2017 ഡിസം 20,21,22 തിയ്യതികളിൽ വസ്തുനികുതി പിരിവ് അനൗൺസ്മെന്റിന്റെ വാഹന വാടക ശ്രീ.മൊയ്തീൻകുട്ടി, മുല്ലഞ്ചേരി, കൂടശ്ശേരിപ്പാറ എന്നയാൾക്ക് നൽകിയത്.

ടിയാൾ 18.1.18 ന് നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക സമർപ്പിച്ചിട്ടുണ്ട്. വാടക നൽകപ്പെട്ട വാഹനം മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിലെ ഡാറ്റ പ്രകാരം നോൺ ട്രാൻസ്പോർട്ട് ഇനത്തിൽ പെട്ട വാഹനമാണ്. ആയതിന് നിയമപ്രകാരമല്ലാത്ത ട്രിപ്പ് ഷീറ്റ് തയ്യാറാക്കി സമർപ്പിച്ചത് പരിഗണിച്ച് ക്ലയിം അംഗീകരിച്ച് നൽകിയതും ക്രമപ്രകാരമല്ല എന്ന് കാണുന്നു.

(സി) ഭിന്നശേഷി ഗ്രാമസഭ അനൗൺസ്മെന്റ് ചാർജ്ജും വാഹനവാടകയും നൽകിയത് - രേഖകൾ ലഭ്യമാക്കേണ്ടതാണ്.

വൗച്ചർ 21700818/15.3.18 9000 രൂപ അനൗൺസ്മെന്റ് ചാർജ് മുഹമ്മദ് മുബാരിസ് എം, മുള്ളഞ്ചേരി ഹൗസ്, കുറുമ്പത്തൂർ എന്നയാൾക്ക് 5.3.18 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ നല്കിയത്.

(ഡി) വൗച്ചർ 21700819/15.3.18 11000 രൂപ ഗ്രാമസഭായോഗം അനൗൺസ്മെന്റ് മുഹമ്മദലി, പൂഴിത്തറ, കരിപ്പോൾ എന്നയാളുടെ 5.3.18 ലെ അപേക്ഷയുടെ അടിസ്ഥാനത്തിൽ. ഫെബ്രുവരി 4,25 മാർച്ച് 2,3 തിയ്യതികളിൽ.

(ഇ) വൗച്ചർ 21700820/15.3.18 6600 രൂപ ഗ്രാമസഭായോഗം അനൗൺസ്മെന്റ് സൗണ്ട് സിസ്റ്റം വാടക ഫെബ്രുവരി 4, 25 മാർച്ച് 2, 3 തിയ്യതികളിൽ. ട്ട സ്റ്റാർ മാര്യേജ് ബ്യൂറോ പുത്തനത്താണിക്ക് നല്കിയത്.

അനൗൺസ്മെന്റ് ചെയ്തത് സംബന്ധിച്ച് സൂപ്പർവിഷൻ നടത്തിയതിന്റെയും ടി വ്യക്തിയെ ചുമതല ഏൽപിച്ചതിന്റെയും അനൗൺസ്മെന്റ് നടത്തുന്നതിന് വാർഡ് ചുമതലയുള്ള ഉദ്യോഗസ്ഥരെ ചുമതല ഏൽപിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമല്ല.

ബന്ധപ്പെട്ട കക്ഷികൾ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് തുക നൽകിയത്. അപേക്ഷയുടെ കൂടെ തിയ്യതിയില്ലാത്ത ട്രിപ്പ് ഷീറ്റ് സമർപ്പിച്ചിട്ടുണ്ട്. വാടക നൽകപ്പെട്ട വാഹനം നോൺ ട്രാൻസ്പോർട്ട് ഇനത്തിൽ പെട്ട വാഹനമാണ്. ആയതിന് നിയമപ്രകാരമല്ലാത്ത ട്രിപ്പ് ഷീറ്റ് തയ്യാറാക്കി സമർപ്പിച്ചത് പരിഗണിച്ച് ക്ലയിം അംഗീകരിച്ച് നൽകിയതും ക്രമപ്രകാരമല്ല എന്ന് കാണുന്നു.

ഇക്കാര്യത്തിൽ വിശദമായ മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട നൽകിയ അന്വേഷണക്കുറിപ്പിന് (നമ്പർ 20/1.1.18) മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെയും വിശദീകരണത്തിന്റെയും അഭാവത്തിൽ ചെലവ് തുക 75956 രൂപ തടസ്സം ചെയ്യുന്നു.

## 3-16 വരൾച്ചാ ദുരിതാശ്വാസം - കുടിവെള്ള വിതരണം നടത്തിയത് - അപാകതകൾ സംബന്ധിച്ച്.

പ്രൊജക്ട് 146/18, നിർവഹണം – സെക്രട്ടറി

അടങ്കൽ 10,00,000 (തനത് ഫണ്ട്)

ചെലവ് 8,00,000 വൗച്ചർ ചെക്ക്

പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം അനുഭവിക്കുന്ന പ്രദേശങ്ങളിൽ വെള്ളം വിതരണം ചെയ്യുന്നതിന് പഞ്ചായത്ത് ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനിൽ ഏറ്റവും കുറഞ്ഞ നിരക്ക്, 3000 ലിറ്ററിന് 1000.00 രൂപ നൽകിയ പി.മുഹമ്മദ് ബഷീർ എന്നവരുടെ ക്വട്ടേഷൻ അംഗീകരിച്ചു. തുടർന്ന് വിവിധ വാർഡുകളിൽ കുടിവെള്ളം വിതരണം ചെയ്തതിന് കരാറുകാരന് വൗച്ചർ നമ്പർ 21700164/7.6.17 (ചെക്ക് 13029/7.6.17) പ്രകാരം 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ ഉള്ളതായി കണ്ടു.

എ) വേണ്ടത്ര പ്രചാരണം നൽകാതെയുള്ള ക്വട്ടേഷൻ നടപടികൾ

ക്വട്ടേഷൻ നോട്ടീസ് നമ്പർ എ1/326/17 തീയ്യതി.18.4.17 പ്രകാരമാണ് ഈ പ്രവൃത്തിയുടെ ക്വട്ടേഷൻ ക്ഷണിച്ചത്. ക്വട്ടേഷൻ സമർപ്പിക്കാനുള്ള അവസാന തീയ്യതി 25.4.17 ആയിരുന്നു. ഫയൽ പരിശോധിച്ചതിൽ, ക്വട്ടേഷൻ ഗ്രാമ പഞ്ചായത്ത് നോട്ടീസ് ബോർഡ്, അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസ്, കൃഷിഭവൻ എന്നിവിടങ്ങളിൽ പരസ്യപ്പെടുത്തിയതായി ഫയലിൽ സൂക്ഷിച്ച ക്വട്ടേഷൻ നോട്ടീസിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പത്രത്തിലോ, വെബ്സൈറ്റിലോ പരസ്യപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും ക്വട്ടേഷന് വേണ്ടത്ര പ്രചാരണം നൽകിയിട്ടില്ല എന്ന് വ്യക്തമാകുന്നു.

ബി) ക്വട്ടേഷൻ തുറന്നത് - നിബന്ധനകൾ പാലിച്ചിട്ടില്ല

സർക്കാർ ഉത്തരവ് നമ്പർ (പി).259/2010/തസ്വഭവ തീയ്യതി.8.11.2010 പ്രകാരം (തദ്ദേശ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ) ക്വട്ടേഷനുകൾ ലേലക്കാരുടെ/ലേലക്കാരുടെ പ്രതിനിധികളുടെ സാന്നിധ്യത്തിൽ പരസ്യമായി തുറക്കണം. ക്വട്ടേഷൻ കവറുകളിൽ അടക്കം ചെയ്തിട്ടല്ല സ്വീകരിച്ചത് എന്ന് കാണുന്നു. കവർ രേഖയായി സൂക്ഷിച്ചതായി കാണുന്നില്ല. ക്വട്ടേഷനിൽ ക്വട്ടേഷൻ തുറന്ന ഉദ്യോഗസ്ഥൻ നിരക്ക് സാക്ഷ്യപ്പെടുത്തി ഒപ്പു വയ്ക്കുകയും ചെയ്തിട്ടില്ല.

സി) കരാർ ഒപ്പു വച്ചിട്ടില്ല

ശ്രീ.പി.മുഹമ്മദ് ബഷീറുമായി പഞ്ചായത്ത് കരാർ വ്യവസ്ഥകൾ രേഖപ്പെടുത്തി ഒപ്പു വച്ചിട്ടില്ല. എന്നാൽ ശ്രീ. മുഹമ്മദ് ബഷീർ രണ്ട് 100 രൂപ വിലയുള്ള രണ്ട് സ്റ്റാമ്പ് പേപ്പറുകൾ ഹാജരാക്കിയിട്ടുണ്ട്. എപ്രകാരമാണ് കുടിവെള്ളത്തിന്റെ വിതരണം ക്രമപ്പെടുത്തേണ്ടത് എന്നും ആയതിന് മേൽനോട്ടം വഹിക്കുന്നതിനും മോണിറ്റർ ചെയ്യേണ്ട രീതി എന്നിവയൊന്നും വ്യവസ്ഥ ചെയ്യാതെയാണ് കരാറുകാരൻ വിതരണം നടത്തിയതായി കാണുന്നത്. ഓരോ ദിവസത്തെയും വിതരണം അന്നന്ന് സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഡി) ടാങ്കർ പരിശോധിച്ചിട്ടില്ല

KL-10-H 6350 (Ward 22), KL 10 M 1643, KL 55L 7174, Kl 11 X 1007, ( Ward 18,7), KL 10 AA 8984 (Ward 16,17), KL54- 1321(Ward 15), KL 55 E-9621 (Ward 14), KL-10N 6339 (Ward 13), KL10X 8376 (Ward 12), KL 55 F 4838 (Ward 11), KL 45A 7009 (Ward 10), KL 45 A 7009 (Ward 10), KL 55-7721 Motor Cycle ( Ward 9), KL 52 B 9750 ( Ward 5), KL 10 K 7473 (Ward 4), KL 52 -2935 (Ward 1), KL 52 B 9750 (Ward 8) എന്നീ വാഹനങ്ങൾ ഉപയോഗിച്ചാണ് കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളത് എന്ന് ട്രിപ്പ് ഷീറ്റിൽ രേഖപ്പെടുത്തി അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. പ്രസ്തുത ടാങ്കറുകളുടെ അളവ് പഞ്ചായത്തിന്റെ ഭാഗത്ത് നിന്നും ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല.

ഇ) ട്രിപ്പ് ഷീറ്റ് അപാകതകൾ

19 -ാം വാർഡിൽ 1.5.17 മുതൽ 15.5.17 വരെ ദിവസങ്ങളിൽ 15 ട്രിപ്പ് വെള്ളം വിതരണം ചെയ്തതിന് വച്ച ട്രിപ്പ് ഷീറ്റിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

11 -ാം വാർഡിൽ 1.5.17 മുതൽ 30.5.17 വരെ ദിവസങ്ങളിൽ 29 ട്രിപ്പ് വെള്ളം വിതരണം ചെയ്തതിന് വച്ച ട്രിപ്പ് ഷീറ്റിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

6 -ാം വാർഡിൽ 1.4.17 മുതൽ 30.4.17 വരെ ദിവസങ്ങളിൽ 30 ട്രിപ്പ് വെള്ളം വിതരണം ചെയ്തതിനും 1.5.17 മുതൽ 31.5.17 വരെ ദിവസങ്ങളിൽ 31 ട്രിപ്പ് വെള്ളം വിതരണം ചെയ്തതിനും വച്ച ട്രിപ്പ് ഷീറ്റിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

2 -ാം വാർഡിൽ 1.4.17 മുതൽ 30.4.17 വരെ ദിവസങ്ങളിൽ 30 ട്രിപ്പ് വെള്ളം വിതരണം ചെയ്തതിനും 1.5.17 മുതൽ 31.5.17 വരെ ദിവസങ്ങളിൽ 31 ട്രിപ്പ് വെള്ളം വിതരണം ചെയ്തതിനും വച്ച ട്രിപ്പ് ഷീറ്റിൽ വാഹന നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

എഫ് ) കരാറുകാരൻ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ചിട്ടില്ല. സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

കരാറുകാരൻ സമർപ്പിച്ച ട്രിപ്പ് ഷീറ്റുകൾ പരിശോധിച്ച് മെമ്പർമാരുടെ സാക്ഷ്യപത്രവുമായി ഒത്തുനോക്കി പരിശോധിച്ച്, ക്ലെയിം അംഗീകരിച്ച്, ട്രിപ്പ് ഷീറ്റ് കാൻസൽ ചെയ്തിട്ടില്ല. അതിനാൽ ഏതെല്ലാം ക്ലെയിമുകളാണ് അംഗീകരിച്ചത് എന്നും ഏതെല്ലാമാണ് നിരാകരിച്ചത് എന്നും ഉള്ള

കാര്യത്തിൽ വ്യക്തതയില്ല.

ജി)KL 55-7721 വാഹനത്തിൽ വെള്ളം വിതരണം ചെയ്തത്

ട്രിപ്പ് ഷീറ്റുകൾ പ്രകാരം വാർഡ് നമ്പർ 9 ൽ KL 55-7721 നമ്പർ വാഹനത്തിലാണ് വെള്ളം വിതരണം ചെയ്തിട്ടുള്ളത്. അവ വാർഡ് മെമ്പർ ശരിയാണെന്ന് സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഓരോ ട്രിപ്പിലും 3000 ലിറ്റർ വെള്ളവും വഹിച്ചുകൊണ്ട് 1.4.17 മുതൽ 30.4.17 വരെ ആകെ 30 ട്രിപ്പുകളും 1.5.17 മുതൽ 15.5.17 വരെ 13 ട്രിപ്പുകളും ആകെ 43 ട്രിപ്പുകളിലായി 3000 ലിറ്റർ വീതം 129,000 ലിറ്റർ വെള്ളം വിതരണം ചെയ്തതായാണ് സാക്ഷ്യപത്രം. മോട്ടോർ വാഹന വകുപ്പിന്റെ വെബ് സൈറ്റിൽ നിന്നും ലഭ്യമായ വിവരം പ്രകാരം ഈ വാഹനം 95 CC ക്ക് മുകളിൽ വരുന്ന മോട്ടോർസൈക്കിൾ ആണ്. ആയത് വിശ്വസനീയമല്ലാത്തതും അനുവദിക്കാനാകാത്തതുമായ ക്ലയിം ആണ്.
ഇതിന് ആകെ 43000 രൂപ പ്രതിഫലമായി കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത വാഹനത്തിൽ 3000 ലിറ്ററിന്റെ ടാങ്കിൽ വെള്ളം വിതരണം ചെയ്യാൻ സാധ്യമല്ല. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം അനുവദിച്ച 43000രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ബില്ല് പരിശോധിക്കുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

ജെ) വരുമാന നികുതി ഈടാക്കിയിട്ടില്ല.

കരാറുകാരന് നൽകിയ തുകയിൽ നിന്നും 1% നിരക്കിൽ 8000.00 രൂപ വരുമാന നികുതി ഈടാക്കണമായിരുന്നു. ആയത് ഈടാക്കിയിട്ടില്ല. പ്രസ്തുത തുക ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ ബാധ്യതയായി നിജപ്പെടുത്തുന്നു.

വാട്ടർ അതോറിട്ടിയിൽ നിന്നും 6.4.17 മുതൽ 30.4.17 വരെ 400500 ലിറ്റർ വെള്ളവും 1.5.17 മുതൽ 31.5.17 വരെ 597500 ലിറ്റർ വെള്ളവും ആകെ 9,98,000 ലിറ്റർ വെള്ളമാണ് വാട്ടർ അതോറിട്ടിയിൽ നിന്നും നിറച്ചത്. ആയതിന് വാട്ടർ അതോറിട്ടിക്ക് ഡിമാന്റ് പ്രകാരം കിലോ ലിറ്ററിന് 60 രൂപ നിരക്കിൽ 59880 രൂപ വൗച്ചർ 21700405/5.10.17 പ്രകാരം നൽകിയിട്ടുണ്ട്.

ആയതിനാൽ വാർഡുകളിൽ ആകെ വിതരണം ചെയ്ത വെള്ളം 998000 ലിറ്റർ മാത്രമാണ് എന്ന് കരുതാം.

അതു പ്രകാരം കരാറുകാരന് നൽകാവുന്ന തുക 3000 ലിറ്ററിന് 1000 രൂപ നിരക്കിൽ 3,32,666 രൂപ മാത്രമാണ്. മറ്റ് സ്രോതസ്സുകളിൽ നിന്നും കുടിവെള്ളം ശേഖരിച്ച് വിതരണം ചെയ്യുന്നതിന് അനുവാദം നൽകുകയോ അത്തരം തീരുമാനങ്ങൾ,മേൽനോട്ടം എന്നിവയുടെ അഭാവത്തിലും അവശേഷിച്ച 467334 രൂപ അനുവദിക്കാനാകാത്ത ചെലവാണ് എന്ന് വ്യക്തമാവുന്നു. ഇക്കാര്യത്തിൽ രേഖാമൂലമുള്ള മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന് (30/5.1.19) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ ആകെ ചെലവ് തുകയിൽ 7,57,000 രൂപ തടസ്സം ചെയ്യുന്നു. ക്രമ നമ്പർ ജി പ്രകാരമുള്ള തുക തിരിച്ചടവാക്കേണ്ടതാണ്.

## 3-17 വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് പ്രതിഫലം നൽകിയത്

ആതവനാട് ഗ്രാമ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയതിന് താഴെ പറയും പ്രകാരം തുക ചെലവഴിച്ചതായി കാണുന്നു.

വൗച്ചർ 21700869/31.3.18 ചെക്ക് 14470/31.3.18 രൂപ 3,62,000

പ്രൊജക്ട് 37/18 അടങ്കൽ 444961

വിവിധ വാർഡുകളിൽ 2017 മാർച്ച് മാസത്തിൽ കുടിവെള്ള വിതരണം നടത്തിയതിന് ശ്രീ മുഹമ്മദ് ബഷീർ.പി എന്നയാൾക്ക് നൽകിയത്.

ഫയലിൽ 18.4.17 ലെ ക്വട്ടേഷൻ പരസ്യമാണ് ഉള്ളത്. 2017 മാർച്ചിൽ വിതരണത്തിന് ലഭ്യമായ ക്വട്ടേഷനുകളല്ല ഫയലിൽ ഉള്ളത്. തുക നൽകുന്നതിന് സമർപ്പിച്ച രേഖകൾ താഴെ പറയും പ്രകാരമാണ്.

1.വാർഡ് 1 – 12.3.17 മുതൽ 31.3.17 വരെ 19 ദിവസം 3000 ലിറ്റർ വീതം ആകെ 57000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 52- 2935 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

2. വാർഡ് 2 – 14.3.17 മുതൽ 31.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 55- 9505 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

3.വാർഡ് 4– 13.3.17 മുതൽ 30.3.17 വരെ 19 ദിവസം 3000 ലിറ്റർ വീതം ആകെ 57000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും 22.3.17 മുതൽ 31.3.17 വരെ KL10K 7473 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും. 13.3.17 മുതൽ 21.3.17 വരെ ട്രിപ്പ് ഷീറ്റിൽ വാഹന നമ്പർ ഇല്ല. ആരും സാക്ഷ്യപ്പെടുത്തി ക്യാൻസൽ ചെയ്തിട്ടില്ല.

4. വാർഡ് 5 – 16.3.17 മുതൽ 31.3.17 വരെ 10 ദിവസം 3000 ലിറ്റർ വീതം ആകെ 30000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 52-B 9750 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

5.വാർഡ് 6 – 13.3.17 മുതൽ 30.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 10W- 4221 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

6.വാർഡ് 7 – 14.3.17 മുതൽ 31.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 11X- 1007 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

7. വാർഡ് 8 – 14.3.17 മുതൽ 31.3.17 വരെ 15 ദിവസം ആകെ 45000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 52-B 9750 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

8. വാർഡ് 9 – 14.3.17 മുതൽ 31.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 55K- 7721 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

9.വാർഡ് 10 – 14.3.17 മുതൽ 31.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 45A- 7009 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

10.വാർഡ് 11 – 11.3.17 മുതൽ 30.3.17 വരെ 20 ദിവസം 3000 ലിറ്റർ വീതം ആകെ 60000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും ട്രിപ്പ് ഷീറ്റുകളും. ട്രിപ്പ് ഷീറ്റിൽ വാഹന നമ്പർ രേഖപ്പെടുത്തുകയോ ആരെങ്കിലും സാക്ഷ്യപ്പെടുത്തി ക്യാൻസൽ ചെയ്യുകയോചെയ്തിട്ടില്ല.

11. വാർഡ് 13 – 12.3.17 മുതൽ 31.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 10N- 6339 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

12.വാർഡ് 14 – 12.3.17 മുതൽ 30.3.17 വരെ 16 ദിവസം 3000 ലിറ്റർ വീതം ആകെ 48000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 55E 9621 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

13. വാർഡ് 15 – 14.3.17 മുതൽ 31.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 54-1321- നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

14.വാർഡ് 16 – 14.3.17 മുതൽ 31.3.17 വരെ 15 ദിവസം 3000 ലിറ്റർ വീതം ആകെ 45000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL10AA- 8984 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

15. വാർഡ് 17 – 14.3.17 മുതൽ 31.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 10AA 8984 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

16.വാർഡ് 18 – 14.3.17 മുതൽ 30.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 11-X- 1007 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

17.വാർഡ് 19 – 10.3.17 മുതൽ 30.3.17 വരെ 20 ദിവസം 3000 ലിറ്റർ വീതം ആകെ 60000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 10M 1643 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

18.വാർഡ് 21– 11.3.17 മുതൽ 30.3.17 വരെ 20 ദിവസം 3000 ലിറ്റർ വീതം ആകെ 60000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 55L- 7174 ,KL10M 1643നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

19.വാർഡ് 22– 11.3.17 മുതൽ 29.3.17 വരെ 18 ദിവസം 3000 ലിറ്റർ വീതം ആകെ 54000 ലിറ്റർ വിതരണം ചെയ്തതായി വാർഡ് മെമ്പറുടെ സാക്ഷ്യ പത്രവും KL 10H- 6350 നമ്പർ വാഹനത്തിന്റെ ട്രിപ്പ് ഷീറ്റുകളും.

ആകെ 334 ട്രിപ്പുകൾ 3000 ലിറ്റർ വീതം

നൽകാവുന്ന തുക 3,34,000

നൽകിയത് 3,62,000

അധികം 28,000.

കുടിവെള്ളം വാട്ടർ അതോറിട്ടിയുടെ ടാങ്കിൽ നിന്നും ശേഖരിച്ചതായി ട്രിപ്പ് ഷീറ്റുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ആയതിന് രേഖകളോ സാക്ഷ്യപത്രങ്ങളോ ലഭ്യമാക്കിയിട്ടില്ല. 4/17, 5/17 എന്നീ മാസങ്ങളിൽ വിതരണം ചെയ്ത വെള്ളത്തിന്റെ വില തൊട്ടടുത്ത 06/2017 ൽ തന്നെ നൽകുന്നുണ്ട്. എന്നാൽ 03/17 ൽ വിതരണം ചെയ്ത വെള്ളത്തിന്റെ വില നൽകുന്നത് 03/2018 ലാണ്. ഈ വൈരുദ്ധ്യം വിശദീകരിക്കേണ്ടതാണ്.

നൽകിയ തുകയിൽ നിന്നും ആദായ നികുതി ഈടാക്കിയതായി കാണുന്നില്ല. അർഹമായ ആകെ ചെലവ് തുകയുടെ ഒരു ശതമാനം 3,620 രൂപ ആദായ നികുതി ഇനത്തിൽ കുറവ് ചെയ്യേണ്ടതായിരുന്നു.

അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പിന്

(29/5.1.19) മറുപടിയൊന്നും ലഭ്യമാക്കാത്തതിനാൽ ചെലവ് തുകയിൽ അധികം നൽകിയ 28,000 രൂപ നിരാകരിക്കുന്നു. ബാക്കി 3,34,000 രൂപ തടസ്സത്തിൽ വെക്കുന്നു.

## 3-18 ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിച്ചതിലെ അപാകത -അധികം നൽകിയത് 19750 രൂപ

വൗച്ചർ 21700231 / 3.8.17 75787 രൂപ

വൗച്ചർ 21700663 / 23.1.18 270678 രൂപ

സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണ ഉത്തരവ് ജി.ഒ(പി)നം.7/2016 ഫിൻ തിയ്യതി 20-01-16 പ്രകാരം പുതുക്കിയ നിരക്കിലുള്ള പ്രതിമാസ അലവൻസുകൾക്ക് 1-02-2016 മുതൽക്ക് മാത്രമാണ് അർഹത. ഇതനുസരിച്ച് വീട്ടുവാടക അലവൻസ്, പി.സി.എ എന്നിവക്ക് ഫെബ്രുവരി 2016 മുതലാണ് പ്രാബല്യം. റിട്ടയർ ചെയ്ത ശ്രീ.മുഹമ്മദ് ബഷീർ, സീനിയർ ക്ലർക്കിന്റെ ശമ്പള പരിഷ്കരണ കുടിശ്ശിക കണക്കാക്കി കുടിശ്ശികയുടെ രണ്ട് ഗഡുക്കൾ പണമായി നൽകിയതിൽ ഇത്തരം അലവൻസുകൾ 1-7-2014 പ്രാബല്യത്തിൽ നൽകിയതായി കാണുന്നു. ഇപ്രകാരം അനർഹമായ നിരക്കിൽ നൽകിയത് തിരികെ ഈടാക്കേണ്ടതാണ്. കുടിശ്ശിക തുകയുടെ പലിശ കണക്കാക്കിയത് പുന:പരിശോധിക്കേണ്ടതും അർഹമായ തുകയ്ക്ക് മാത്രമായി നിജപ്പെടുത്തേണ്ടതുമാണ്.

7/2014 മുതൽ 1/2016 വരെ അർഹമല്ലാത്ത അധികനിരക്കിൽ കണക്കാക്കിയത് വഴി ഉള്ള അധിക തുകയുടെ സംഗ്രഹം താഴെ കൊടുക്കുന്നു.

| മാസം | അനുവദിച്ചത് | | ആകെ അനുവദിച്ചത് | അർഹമായത് | | ആകെ അർഹമായത് | അധികം |
|---|---|---|---|---|---|---|---|
| | വീട്ടുവാടക ബത്ത | പി.സി.എ | | വീട്ടുവാടക ബത്ത | പി.സി.എ | | |
| 7/2014 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 8/2014 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 9/2014 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 10/2014 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 11/2014 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 12/2014 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 1/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 2/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 3/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 4/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 5/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 6/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 7/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 8/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |
| 9/2015 | 1250 | 140 | 1390 | 250 | 90 | 340 | 1050 |

| | | | | | | | |
|---|---|---|---|---|---|---|---|
| 10/2015 | 1250 | | 1250 | 250 | | 250 | 1000 |
| 11/2015 | 1250 | | 1250 | 250 | | 250 | 1000 |
| 12/2015 | 1250 | | 1250 | 250 | | 250 | 1000 |
| 1/2016 | 1250 | | 1250 | 250 | | 250 | 1000 |
| ആകെ | 23750 | 2100 | 25850 | 4750 | 1350 | 6100 | 19750 |

ഇതിനോടകം അനുവദിച്ച തുകയോ 4 ഗഡുക്കൾ അനുവദിച്ചിട്ടുണ്ടെങ്കിൽ അധികം അനുവദിച്ച 19750 രൂപയോ ഈടാക്കി അറിയിക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നല്കിയ അന്വേഷണകുറിപ്പിന് മറുപടി ലഭ്യമാക്കുകയോ തുക തിരിച്ചടവാക്കി അറിയിക്കുകയോ ചെയ്തിട്ടില്ലാത്തതിനാൽ അധികം നൽകിയ തുക നിരാകരിക്കുന്നു.

## 3-19 അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല.

പ്രോജക്ട് നം. : S124/2017-18-ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകൽ

നിർവ്വഹണം :ഹെഡ്മാസ്റ്റർ

അടങ്കൽ : 12,00,000

വികസനഫണ്ടിൽ നിന്ന് 599995 രൂപയും (ബിൽ നം. : 2/2017-18 (14-12-2017 ), 8/2017-18 (26-3-2018 ) ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 299950രൂപയും (ചെക്ക് നം-6708383/4.5.2018), ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 299960രൂപയും (ചെക്ക് നം-6708382/4.5.2018) ഉൾപ്പെടെ ആകെ 1199905 രൂപ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വിദ്യാർത്ഥികൾക്ക് അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകിയിട്ടില്ല. 03.04.2017ലെ ജി.ഒ.(എം.എസ്)80/2017 /ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് ഖണ്ഡിക 10.3 പ്രകാരം ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് നൽകേണ്ട സ്കോളർഷിപ്പ് നിരക്ക് താഴെ സൂചിപ്പിക്കുന്നു.

(എ)ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് :

| ക്രമ നം. | ക്ലാസ്സ് | പ്രതിമാസ സ്കോളർഷിപ്പ്/ബത്തയുടെ നിരക്ക് (രൂപ) | | വാർഷിക ബത്ത |
|---|---|---|---|---|
| | | ഡേസ്കോളർ | ഹോസ്റ്റലർ | |
| 1 | 1-4/ നഴ്സറി ക്ലാസ്സ് | 400 | 600 | 500 |
| 2 | 5-8 | 500 | 750 | 600 |
| 3 | 9,10,+1,+2 | 600 | 800 | 800 |
| 4 | ബിരുദം | 800 | 1250 | 1000 |
| 5 | ബിരുദാനന്തര ബിരുദം | 1000 | 1500 | 1500 |
| 6 | വൊക്കേഷനൽ പരിശീലനം | 1000 | 1500 | 1500 |

| | | | | |
|---|---|---|---|---|
| 7 | ചലന വൈകല്യമുള്ളവർക്ക് യാത്രാബത്ത (വിദ്യാലയങ്ങളിൽ പോകുന്ന മാസങ്ങളിൽ മാത്രം) | 400 | - | - |

(ബി) മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക്:

| ക്രമ നം. | ഇനം | സ്കോളർഷിപ്പ്/ബത്ത (പ്രതിമാസം) | ആകെ (വാർഷികം) |
|---|---|---|---|
| 1 | സ്കോളർഷിപ്പ് (പ്രതിമാസം) | 1000 | 12000 |
| 2 | വസ്ത്രങ്ങൾക്കുള്ള ബത്ത (വാർഷികം) | - | 1500 |
| 3 | പഠനസഹായി/സാമഗ്രികൾക്ക് ബത്ത (വാർഷികം) | - | 2000 |
| 4 | ഡേസ്കോളർക്ക് യാത്രാബത്ത (പ്രതിമാസം) | 1000 | 12000 |
| 5 | ഉല്ലാസയാത്ര/പഠനയാത്ര | - | 1000 |
| ആകെ | | | 28500 |

ഡേസ്കോളറായ മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ഉല്ലാസയാത്ര/പഠനയാത്ര നടത്താത്ത പക്ഷം വർഷത്തിൽ 27500 രൂപ സ്കോളർഷിപ്പ്/ബത്തയായി ലഭിക്കാൻ അർഹതയുണ്ട്. ഉല്ലാസയാത്ര/പഠനയാത്ര നടത്തിയാൽ 28500രൂപയ്ക്കും അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസിനനുസരിച്ചുള്ള നിരക്കിൽ സ്കോളർഷിപ്പ് ലഭിക്കാനും അർഹതയുണ്ട്. പദ്ധതി നടത്തിപ്പിന് കൃത്യമായ മുന്നൊരുക്കം നടത്താത്തതും, പ്രോജക്ടിന് ആവശ്യമായ ഫണ്ട് വകയിരുത്തുന്നതിന് നടപടി സ്വീകരിക്കാതിരുന്നതും ഉചിതമായില്ല. അപാകത ചൂണ്ടിക്കാണിച്ച് ഹെഡ്മാസ്റ്റർക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/31.12.2018) മറുപടി നൽകിയിട്ടില്ല. തുടർ വർഷങ്ങളിൽ അർഹമായ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നതിന് ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്.

## 3-20 പരിരക്ഷാ ഫണ്ട് ഉപയോഗിച്ച് ഓഫീസ് സ്റ്റേഷനറി വാങ്ങി

പ്രോജക്ട് നം. : S115/2017-18-പരിരക്ഷ

നിർവ്വഹണം :മെഡിക്കൽ ഓഫീസർ പി.എച്.സി.

അടങ്കൽ : 605700

വികസനഫണ്ടിൽ നിന്ന് 305700രൂപയും (ബിൽ നം. : 2/2017-18 (14-12-2017 ), 8/2017-18 (26-3-2018 ) തനത് ഫണ്ടിൽ നിന്ന് 44300രൂപയും (ചെക്ക് നം- 6708383/ 4.5.2018), ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി ലഭിച്ച 84460രൂപയും (ചെക്ക് നം- 6708382/ 4.5.2018) ഉൾപ്പെടെ ആകെ 434460 രൂപ പരിരക്ഷ പദ്ധതി പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 11050 രൂപ പി.എച്.സി യിലേക്ക്

സ്റ്റേഷനറി വാങ്ങുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ഓഫീസിലേക്ക് അവശ്യമായ സ്റ്റേഷനറി വാങ്ങുന്നതിന് HMC ഫണ്ട് ഉപയോഗിക്കുന്നതിന് പകരം പരിരക്ഷ ഫണ്ടിൽ നിന്നും ചെലവഴിച്ചത് ഉചിതമായില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ പി.എച്.സി.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2/31.12.2018 മറുപടി നൽകിയിട്ടില്ല. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-21 HMC ഫണ്ട് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ പി.എച്.സി.യിൽ ഹോസ്പിറ്റൽ മാനേജിങ് കമ്മിറ്റി വർഷങ്ങൾക്ക് മുമ്പ് രൂപീകരിച്ചിട്ടുണ്ട്. എന്നാൽ HMC ഫണ്ട് കണക്കുകൾ നാളിതുവരെ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. അപാകതക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് മെഡിക്കൽ ഓഫീസർ പി.എച്.സി.ക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/31.12.2018) മറുപടി നൽകിയിട്ടില്ല. ഹോസ്പിറ്റൽ മാനേജിങ് കമ്മിറ്റിയുടെ കണക്കുകൾ ഓഡിറ്റിന് സമർപ്പിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം. | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| കുറ്റിപ്പുറം ബ്ലോക്ക് പഞ്ചായത്ത് | 300000/- | സ്കോളർഷിപ്പ് ഫോർ മെന്റലി ഫിസിക്കലി ചലഞ്ച് | 299960 | 40 |
| ,, | 105145 | പെയിൻ &പാലിയേറ്റീവ് | 53660 | 51485 |
| ,, | 300000/- | നെൽകൃഷി കൂലിചെലവ് | 300000 | 0 |
| മലപ്പുറം ജില്ലാപഞ്ചായത്ത് | 300000/- | സ്കോളർഷിപ്പ് ഫോർ മെന്റലി ഫിസിക്കലി ചലഞ്ച് | 299950 | 50 |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി തുക |
|---|---|---|---|---|---|---|
| KWA | പ്രൊജ. 30/18 തിരുനാവായ കുടിവെള്ള | 25/16.11.17 | 25,00,000/- | 0 | പൂർത്തീകരിച്ചിട്ടില്ല | 2500000 |

| | | | | | | |
|---|---|---|---|---|---|---|
| | പൈപ്പ്ലൈൻ | | | | | |
| KSEB | സ്ട്രീറ്റ് മെയിൻ | 26/16.11.17 | 7,37,084/- | 0 | പൂർത്തീകരിച്ചിട്ടില്ല | 7,37,084/ |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്.

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 16,95,020 |
| തൻവർഷം നിക്ഷേപിച്ച തുക | 1,99,170 |
| ആകെ | 18,94,190 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 18,94,190 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| കറുമ്പത്തൂർ സർവ്വീസ് സഹകരണ ബാങ്ക് FDRNo.3668 | 11,95,020 |
| ആതവനാട് സർവ്വീസ് സഹകരണ ബാങ്ക് | 6,99,170 |
| ആകെ | 18,94,190 |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | | 2012-13, | 2(4) | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു |

## 4-8 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

ഗ്രാമപഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23ാം വകുപ്പ് പ്രകാരമുള്ള സമാഹൃതഓഡിറ്റ് റിപ്പോർട്ടിലേക്ക് ഖണ്ഡികകൾ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | ചാർജ്ജ് സർചാർജ്ജ് സർട്ടിഫിക്കറ്റ് നമ്പർ, തിയതി | തുക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| 1 | 2005-06 | 2-1(എ) | സി.കെ.രാജീവൻ | LF 10429/ Spl.cell/CSCD1/12 14.7.14 | 17260 | അടവാക്കി 10000 (Rt 11204400003/20.2.13) 7260 (Rt 29/55556 /10.10.14) |
| 2 | 2006-07 | 2-1(a) | കെ.സി രാജീവൻ സെക്രട്ടറി | LF 10421/ Spl.cell/SCD1/12 26.9.14 | 19197 | അടവാക്കി 19197 (Rt 29/55556 /10.10.14) |
| 3 | 2005-06 | 3-1 | കെ.വി. അരവിന്ദാക്ഷൻ | LF 10429/ Spl.cell/CSC D1/2012 14.7.14 | 3922 | 3922 അടച്ചു Rt 11404400009/8.8.14 |
| 4 | 96-97 | 43 (1) (2),4647,51 (1) (2) | കെ.മൊയ്തുണ്ണി | LF 7739/ Spl.cell/SC1/2000 16.3.02 | 39278 | അടവാക്കിയിട്ടില്ല |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ)സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,63,25,324 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,63,03,020 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ/ അംഗീകരിക്കാത്ത തുക | 1,28,554 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 22,53,285 |

ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ്ജ് | സർചാർജ്ജ് | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപേരും |
|---|---|---|---|
| 3-1 | | 12728 | 5780 ശ്രീമതി. സമിത.വി, അസിസ്റ്റന്റ് എഞ്ചിനീയർ<br>6941 ശ്രീമതി. ആനി ഷിജി, അസി.എഞ്ചിനീയർ |
| 3-2 | | 16652 | 15071 ശ്രീമതി. ജിനില, അസി.എഞ്ചിനീയർ<br>1581 ശ്രീമതി. ആനി ഷിജി,അസി.എഞ്ചിനീയർ |
| 3-3 | | 9203 | ശ്രീമതി. ആനി ഷിജി, അസി.എഞ്ചിനീയർ |
| 3-16 | | 43000 | ശ്രീമതി. പുഷ്പലത, സെക്രട്ടറി |
| 3-17 | | 28,000 | ശ്രീമതി. പുഷ്പലത, സെക്രട്ടറി |
| 3-18 | | 19750 | ശ്രീമതി. പുഷ്പലത, സെക്രട്ടറി |
| ആകെ | | 1,28,554 | |

സി)ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ<br>പേരും ഉദ്യോഗപേരും |
|---|---|---|
| 3-8 | 4,49,329 | ശ്രീമതി. പുഷ്പലത,സെക്രട്ടറി |
| 3-9 | 4,27,000 | ശ്രീമതി. പുഷ്പലത,സെക്രട്ടറി |
| 3-13 | 2,10,000 | ശ്രീമതി. പുഷ്പലത,സെക്രട്ടറി |
| 3-15 | 75956 | ശ്രീമതി. പുഷ്പലത,സെക്രട്ടറി |
| 3-16 | 7,57,000 | ശ്രീമതി. പുഷ്പലത,സെക്രട്ടറി |
| 3-17 | 3,34,000 | ശ്രീമതി. പുഷ്പലത,സെക്രട്ടറി |
| | 22,53,285 | |

ഡി)കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം

3-4 15000 ശ്രീമതി. ആനി ഷിജി,അസി.എഞ്ചിനീയർ (S.T)

3-16 8000 ശ്രീമതി. പുഷ്പലത,സെക്രട്ടറി

ഇ) നഷ്ടംനിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് )റിപ്പോർട്ടിൽ പ്രദിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ഖണ്ഡിക | നഷ്ടം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേരും മേൽവിലാസവും |
|---|---|---|
| 3-1 | 5780 | ശ്രീമതി.സമിത.വി, അസിസ്റ്റന്റ് എഞ്ചിനീയർ,സുർജിത്ത് വിഹാർ, വലിയകുന്ന് പി.ഒ, വളാഞ്ചേരി,മലപ്പുറം |
| 3-1 | 6941 | ശ്രീമതി.ആനി ഷിജി,അസി.എഞ്ചിനീയർ , തേരിഉണ്ടിയിൽ , കുന്നം , |

| | | |
|---|---|---|
| | | വെച്ചൂച്ചിറ , പത്തനംതിട്ട |
| 3-2 | 15071 | ശ്രീമതി.ജിനില, അസി.എഞ്ചിനീയർ, പള്ളിവിള ഹൗസ്,പൂവത്തൂർ, അഞ്ചവിളകം പി.ഒ ,തിരുവനന്തപുരം 695503 |
| | 1581 | ശ്രീമതി.ആനി ഷിജി , അസി.എഞ്ചിനീയർ , തേരിളുണ്ടിയിൽ , കുന്നം , വെച്ചൂച്ചിറ,പത്തനംതിട്ട |
| 3-3 | 9203 | -ടി- |
| 3-4 | 15000 | -ടി- |
| 3-16 | 43000 | ശ്രീമതി.പുഷ്പലത, സെക്രട്ടറി, ചിറക്കടവത്ത് വീട്, മാറാക്കര പി.ഒ, മലപ്പുറം |
| 3-17 | 28,000 | -ടി- |
| 3-18 | 19,750 | -ടി- |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക് |
|---|---|---|---|
| 1992-93,93-94 | LFM11/563/02, dt;19-10-10 | 5 | |
| 1994-95,95-96 | LFM13/736/99, dt;19-10-10 | 10 | |
| 1996-97 | LFM13/371/02,dt;19-10-10 | 8 | |
| 1-4-97 to 30-6-98 | "' 339/04 " | 9 | |
| 1998-99 | " 12/875/04 " | 8 | |
| 199-00 | ' 1473/04 " | 3 | |
| 2000-01 | " 1474/04 ' | 1 | |

| | | | |
|---|---|---|---|
| 2001-02 | LFM12/1475/04 dt: “ | 3 | |
| 2002-03 | LFM0/279/08 “ “ | 4 | |
| 2003-04 | “ 280/08 “ | 3 | |
| 2004-05 | LFM19/2022/08, “ | 22 | |
| 2005-06 | LFM19/913/10, dt: 21-8-10 | 10 | |
| 2006-07 | “ 914/ “ | 17 | |
| 2007-08 | LFM13/537/12, dt: 24-4-12 | 24 | |
| 2008-09 | “ 538 “ “ | 18 | |
| 2009-10,2010-11 | “ 1623/13 dt: 25-9-13 | 25 | |
| 2011-12, 2012-13 | KSAMPM 13/1562/15, 25-9-13 | 25 | |
| 2013-14, 2014-15 | KSAMPM 13/1874/16, 27-07-16 | 26 | |
| 2015-16 | KSAMPM 13/3019/16, 18-11-16 | 23 | - |
| 2016-17 | KSAMPM 13/2015/2017 dt.25.09.2017 | 24 | |

ഡെപ്യൂട്ടി ഡയറക്ടർ,
മലപ്പുറം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.എം.പി.എം.13/1571/2018 തിയ്യതി: 03.08.2018

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധ കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018

ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ആതവനാട് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

ഡെപ്യൂട്ടി ഡയറക്ടർ